# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കോഴിക്കോട്-673020**

**ഇ-മെയിൽ: dokkd.ksad@kerala.gov.in**

**ഫോൺ : 0495-2371012**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P9/1953/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 23/12/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)
അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ, കോഴിക്കോട്
കാര്യാലയപ്രതി

നമ്പർ: KSA/KKD/P9/1953/23 തീയ്യതി: 23/12/2023

## കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2022 മുതൽ 03-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ച.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബാബു റിയാസുദ്ദീൻ.എസ് | ജോയിന്റ് ഡയറക്ടർ | 04-12-2023 | 12-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-12-2023 | 12-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി. ഷൈന.എ കെ.അസി.ഓഡിറ്റ് ഓഫീസർ

ശ്രീ. ദേവാനന്ദ്.ടി, സീനിയർ ഗ്രേ.ഓഡിറ്റർ (06.12.2023 മുതൽ)

ശ്രീ. ബിബിൻ.ഇ.സി, ഓഡിറ്റർ

കുമാരി. അയന.എൻ. ഓഡിറ്റർ (06.12.2023 മുതൽ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. തോമസ് (ബാബു) കളത്തൂർ | പ്രസിഡന്റ് | 01-04-2022 | 27-01-2023 |
| ശ്രീ. അഷ്റഫ് മാസ്റ്റർ | പ്രസിഡന്റ് | 28-01-2023 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ. ബിജിൻ പി ജേക്കബ്ബ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ചിത്ര വാസു | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. അനിത്വ ദേവ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 11-09-2022 |
| ശ്രീമതി. ശില്പ പ്രസാദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 12-09-2022 | 22-11-2022 |
| ശ്രീ. രാജേഷ് ടി. പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 23-11-2022 | 31-03-2023 |
| ശ്രീ. ശൈലേഷ് ഐ. പി. | എസ്.സി. ഡെവലപ്പ്മെന്റ് ഓഫീസർ | 01-04-2022 | 31-10-2022 |
| ശ്രീ. സതീശൻ. ഒ. | എസ്.സി. ഡെവലപ്പ്മെന്റ് ഓഫീസർ | 01-11-2022 | 31-03-2023 |
| ഡോ. കേശവനുണ്ണി. എം. | മെഡിക്കൽ ഓഫീസർ (താമരശ്ശേരി) | 01-04-2022 | 31-05-2022 |
| ഡോ. ഷീബ. ടി. | മെഡിക്കൽ ഓഫീസർ (താമരശ്ശേരി) | 01-06-2022 | 14-06-2022 |
| ഡോ. ഷാമിൻ. പി. ആർ. | മെഡിക്കൽ ഓഫീസർ (താമരശ്ശേരി) | 15-06-2022 | 30-07-2022 |
| ഡോ. അബ്ബാസ്. കെ. | മെഡിക്കൽ ഓഫീസർ (താമരശ്ശേരി) | 31-07-2022 | 31-03-2023 |
| ഡോ. കെ.കെ. അബ്ദുറഹ്മാൻ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ശ്രീമതി. ലേഖ കെ.കെ. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2022 | 17-09-2022 |
| ശ്രീ. മനോജ് പി.ആർ. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 18-09-2022 | 30-09-2022 |
| ശ്രീമതി. പ്രിയ മോഹൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-10-2022 | 31-03-2023 |
| ശ്രീമതി. പുഷ്പ ടി കെ | ശിശുവികസന പദ്ധതി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ശ്രീലത എസ് | ശിശുവികസന പദ്ധതി ഓഫീസർ (അഡീഷണൽ) | 01-04-2022 | 25-12-2022 |
| ശ്രീമതി. സുബൈദ പി ടി. | ശിശുവികസന പദ്ധതി ഓഫീസർ (അഡീഷണൽ) | 26-12-2022 | 31-03-2023 |
| ശ്രീ ഷമീർ എ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 07-07-2022 |
| ശ്രീ സലീഷ് എസ് | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 08-07-2022 | 31-03-2023 |
| ശ്രീമതി റെജിമോൾ ജോർജ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. പി ജി നന്ദകുമാർ. | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-3 |
| 5 | ക്ലോസിംഗ് സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല | 1-1-5 |
| 7 | വാർഷിക കണക്കിലെ I-6, RP-7 എന്നിവയിലെ ചെലവ് തുകയും എ.സി,ആർ ൽ ഉൾപ്പെട്ടിട്ടില്ല. | 1-1-6 |
| 8 | റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയില്ല | 1-1-7 |
| 9 | വാർഷിക കണക്കിലെ ചെലവ് തുകയും IKM സുലേഖ ചെലവു പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം) | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലേകനം | 1-5 |
| 14 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-6 |
| 15 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 16 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല | 1-8 |
| 17 | വനിതാ ഫെസിലിറ്റേഷൻ സെന്ററിൽ അടിസ്ഥാനസൗകര്യങ്ങൾ ഇല്ല | 1-9 |
| 18 | ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച എം ആർ എഫ് പ്രവർത്തിക്കുന്നില്ല | 1-10 |
| 19 | സ്ഥാപിച്ച്  രണ്ടരവർഷം കഴിഞ്ഞിട്ടും ജനറേറ്റർ പ്രവർത്തിപ്പിച്ചു തുടങ്ങിയില്ല | 1-11 |
| 20 | ബഡ്സ് റീഹാബിലിറ്റേഷൻ വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ പ്രവർത്തന സജ്ജമായില്ല | 1-12 |
| 21 | വർഷങ്ങൾക്ക് മുൻപ് കരാറിലേർപ്പെട്ട് ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ നിലവിലും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-13 |
| 22 | കരാർ പ്രവൃത്തിയിൽ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് ഫൈൻ ഈടാക്കിയില്ല | 1-14 |
| 23 | കാലാവസ്ഥാ വ്യതിയാന പഠനം -പദ്ധതി നടപ്പിലാക്കിയില്ല ,ചെലവ് തുക പാഴായി | 1-15 |
| 24 | പട്ടികജാതി വിദ്യാർഥികൾക്ക് പഠന മുറി -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-16 |
| 25 | പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് പഠന മുറി -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-17 |
| 26 | വൻതുക ചെലവഴിച്ച് നിർമ്മിച്ച വനിതാവ്യവസായ എസ്റ്റേറ്റ് കെട്ടിടം നിഷ്ക്രിയാസ്തിയായി തുടരുന്നു | 1-18 |
| 27 | സി.ഡി.എം.സി ഹോണറേറിയം - അർഹതയുള്ളതിനേക്കാൾ അധികം തുക നൽകി | 1-19 |
| 28 | ജീവതാളം - ലക്ഷ്യപ്രാപ്തി സംബന്ധിച്ച് വിവരങ്ങളില്ല | 1-20 |
| 29 | സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് - ടെണ്ടർ വിളിക്കാതെ വാർഷിക പരിപാലന ചുമതല കൈമാറി | 1-21 |
| 30 | AEE ഓഫീസിലേക്ക് ടാബ് ലെറ്റ് വാങ്ങൽ -സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല | 1-22 |
| 31 | ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല | 1-23 |
| 32 | പ്രൊക്യൂർമെന്റ് കമ്മിറ്റിവഴിയല്ലാതെ ഉപകരണങ്ങൾ വാങ്ങി | 1-24 |
| 33 | പൊതുമരാമത്ത് പ്രവൃത്തികളിലെ മോണിറ്ററിംഗ്-പതിനാലാം പഞ്ചവത്സരപദ്ധതി മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല | 1-25 |

| | | |
|---|---|---|
| 34 | വാഹന പരിപാലന ചട്ടങ്ങൾ പാലിക്കുന്നില്ല | 1-26 |
| 35 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സി.സി.ടി.വി സ്ഥാപിക്കൽ -പദ്ധതി പൂർത്തീകരണ വിവരം ലഭ്യമല്ല | 1-27 |
| 36 | സംയുക്ത പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിലെ അപാകതകൾ | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം –1

## പൊതു അവലോകനം

### 1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 4/27.1/2023 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 21/07/23 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022 - 23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1–1–1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെട്ടിട്ടില്ല. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരം വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

### 1–1–2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ്-ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ്-ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും

നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-3 വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.**

1. അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി 18 ലെ തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. അഡ്ജസ്റ്റ് ചെയ്യാൻ ബാക്കിയുള്ള 2,091,695/- രൂപയുടെ വർഷം/ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമല്ല.

2. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ബാലൻഷീറ്റിലെ ഷെഡ്യൂൾ ബി 7 പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ 7,037,388/- രൂപ നീക്കിയിരിപ്പുണ്ട്, ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

3. വാടക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

വാടക തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**1-1-4 ക്ലോസിംഗ് സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപെടുത്തിയിട്ടില്ല**

ക്ലോസിംഗ് സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സ്റ്റോക്ക് രജിസ്റ്ററിൽ സംക്ഷിപ്തം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 58, 4(എ). ബാലൻസ് ഷീറ്റ് ബി-14 ഷെഡ്യൂളിൽ സ്റ്റോക്കിന്റെ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടില്ല.ഇതുമൂലം എല്ലാ ആസ്തികളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

**1-1-5 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല**

ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്കുകളിലെ രേഖപ്പെടുത്തലുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**1-1-6 വാർഷിക കണക്കിലെ I-6, RP-7 എന്നിവയിലെ ചെലവ് തുകയും എ.സി,ആർ ൽ ഉൾപെട്ടിട്ടില്ല.**

വാർഷിക കണക്കിലെ I-6, RP-7 എന്നിവയിൽ ട്രെഷറി (ടൈഡ്) 1374538/- രൂപയുടെ ചെലവ് കാണുന്നു, ഈ ചെലവ് തുക എ.സി.ആറിൽ ഉൾപ്പെട്ടിട്ടില്ല.

**1-1-7 റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയില്ല**

Kozhikode Disrict Co-op Bank, Kunnamangalam - EMS (0514) ൽ ബാലൻസ് ഷീറ്റ് പ്രകാരം 7477/-രൂപ നീക്കിയിരിപ്പുണ്ട്. Passbook പ്രകാരം 31/03/2023 ന് 8088/- രൂപ അക്കൌണ്ടിൽ നീക്കിയിരിപ്പുണ്ട്. അക്കൗണ്ട് റീകൺസിലിയേഷൻ നടത്തി സ്റ്റേറ്റ്മെന്റ് പരിശോധനയക്ക് ഹാജരാക്കിയിട്ടില്ല.

**1-1-8 വാർഷിക കണക്കിലെ ചെലവ് തുകയും IKM സുലേഖ ചെലവു പത്രികയും തമ്മിൽ പൊരുത്തപെടുന്നില്ല**

IKM സുലേഖ ചെലവു പത്രിക പ്രകാരം സംരക്ഷണ ഗ്രാന്റ്- നോൺ റോഡ് ചെലവ് തുക 6,838,775/- രൂപയും വാർഷിക കണക്കിൽ ഇൻകം & എക്സ്പെൻഡിച്ചർ I-6 ഷെഡ്യൂളിൽ ആകെ ചെലവ് തുക 6805641/- രൂപയാണ്. ഇവ തമ്മിൽ 33134/-രൂപയുടെ വ്യത്യാസം കാണുന്നു.

**1-2 ബജറ്റ്**

കൊടുവള്ളി ബ്ലോക്ക്പഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 24/03/2022 തീയതിയിലെ

85/2021-22 നമ്പർ തീരുമാന പ്രകാരവും പരിഷ്കരിച്ച ബജറ്റ് 23/03/2023 തീയതിയിലെ 15/2022-23 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. 2022-23 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 21,545,353 |
| വരവ് | 124,996,000 |
| ആകെ | 146,541,353 |
| ചെലവ് | 144,552,800 |
| നീക്കിയിരിപ്പ് | 1,988,553 |

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 22,874,261 |
| വരവ് | 115,129,574 |
| ആകെ | 138,003,835 |
| ചെലവ് | 123,037,250 |
| നീക്കിയിരിപ്പ് | 14,966,585 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നഷ്ടപ്പെട്ട/ നിക്കീയി രിപ്പുള്ള തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 48108648 | 48108648 | 40817892 | 7290756 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 20710352 | 20710352 | 12230160 | 8480192 |
| വികസന ഫണ്ട്- ടി.എസ്.പി | | 0 | 3113000 | 3113000 | 1515000 | 1598000 |
| മെയിന്റനൻസ്, റോഡ് | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 15055000 | 15055000 | 6838775 | 8216225 |
| *സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഗ്രാന്റ്) | Bank | 6084149 | 11981000 | 18065149 | 8539814 | 9525335 |
| ***സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഗ്രാന്റ്) | Treasury | 0 | 3073342 | 3073342 | 0 | 3073342 |
| **സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ് ബേസിക്ക് ഗ്രാന്റ്) | Bank | 2727905 | 8464409 | 11192314 | 9862378 | 1329936 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ് ബേസിക്ക് ഗ്രാന്റ്) | Treasury | 0 | 268366 | 268366 | 0 | 268366 |

* സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഗ്രാന്റ്) മുൻബാക്കി (2021-22 ലെ വാർഷിക കണക്ക് B-4) തെറ്റായി കണക്കാക്കിയതിനാൽ ബ്ലോക്ക് പഞ്ചായത്ത് നൽകിയ ശരിയായ മുൻബാക്കിയാണ് പട്ടികയിൽ ചേർത്തത്.

** സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ് ബേസിക്ക് ഗ്രാന്റ്) മുൻബാക്കി 2021-22 ലെ വാർഷിക കണക്കിൽ (B-4) തെറ്റായി കണക്കാക്കിയതിനാൽ ബ്ലോക്ക് പഞ്ചായത്ത് നൽകിയ ശരിയായ തുകയാണ് മുൻബാക്കിയായി ചേർത്തിട്ടുള്ളത്.

*** വാർഷിക കണക്കിലെ I-6, RP-7 എന്നിവയിൽ ട്രെഷറി മുഖേന 1374538/- രൂപയുടെ ചെലവ് കാണുന്നു, ഈ ചെലവ് തുക എ.സിആറിൽ ഉൾപ്പെട്ടിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 142 | 184409797 | 96 | 90839228 | 46 | 67.6% |

ബ്ലോക്ക് പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും അവർ നടപ്പിലാക്കിയ പദ്ധതികളുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | ചെലവ് | ചെലവു ശതമാനം ( %) |
|---|---|---|---|---|---|
| സെക്രട്ടറി | 27 | 19 | 75277821 | 33578961 | 45 |
| സി.ഡി.പി.ഒ | 3 | 2 | 7748800 | 6497662 | 83 |
| മെഡിക്കൽ ഓഫീസർ (സിഎച്ച്.സി.) | 5 | 4 | 1890000 | 888558 | 47 |
| മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ | 8 | 8 | 5500000 | 5150236 | 93 |
| പട്ടിക ജാതി വികസന ഓഫീസർ | 2 | 2 | 2050000 | 1812226 | 88 |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1000000 | 625000 | 63 |
| കൃഷി അസി. ഡയറക്ടർ | 5 | 5 | 5849000 | 1814160 | 31 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 7940000 | 7921677 | 99 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ | 2 | 2 | 4526027 | 3144098 | 69 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ | | | | | |
| അസി. എക്സി. എഞ്ചിനീയർ | 7 | 6 | 8964353 | 6464049 | 72 |
| അസി. എഞ്ചിനീയർ | 80 | 49 | 63663796 | 22942601 | 36 |
| ആകെ | 142 | 96 | 184409797 | 90839228 | 49 |

ഡി.പി.സി. അഗീകാരം ലഭിച്ച 142 പ്രൊജക്കുകളിൽ 96 എണ്ണം ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 184409797/-രൂപ വകയിരുത്തിയതിൽ 90839228/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

## 1-6 ആഭ്യന്തരനിയന്ത്രണ സംവിധാനം

വിവിധ മേഖലയിലെ ബ്ളോക്ക് പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ബ്ളോക്ക് പഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

ഓഫീസ് ഉത്തരവ് പ്രകാരം ബ്ളോക്ക് പഞ്ചായത്തിൽ ജീവനക്കാർക്ക് കൃത്യമായി ഉത്തരവാദിത്തങ്ങൾ വിഭജിച്ചു നൽകിയിട്ടുണ്ട്. നിലവിലെ ബ്ലോക്ക് പഞ്ചായത്തിലെ ഉദ്യോഗസ്ഥ സംവിധാനത്തെ ഫലപ്രദമായി ഉപയോഗിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്.പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയുരുത്തുന്ന കാര്യത്തിൽ ശ്രദ്ധിച്ചിട്ടുണ്ട്. അഡ്വാൻസ് റജിസ്റ്റർ ,ഡെപ്പോസിറ്റ് റജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. ജി.എസ്.ടി,ഇൻകം ടാക്സ് എന്നിവയുടെ റിട്ടേൺ ഫയൽ ചെയ്യുമ്പോൾ സ്യകാര്യ സ്ഥാപനത്തിന്റെ സേവനം ഉപയോഗപ്പെടുത്തി തനത് ഫണ്ട് ചെലവഴിച്ചിട്ടുണ്ട് . വാഹനങ്ങളുടെ പരിപാലനത്തിൽ സൂക്ഷിക്കാൻ നിർദ്ദേശിച്ചിട്ടുള്ള റിപ്പയർ റജിസ്റ്ററിൽ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പ്രൊജക്ട് റജിസ്റ്റർ വാങ്ങി നൽകിയിട്ടില്ല. ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ ,മെഡിക്കൽ ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ ഒഴികെ മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരൊന്നും പദ്ധതി നിർവ്വഹണത്തിൽ പ്രൊജക്ട് റജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. സെക്രട്ടറി നിർവ്വഹണം നടത്തുന്ന ഭവന നിർമ്മാണ പദ്ധതികളിൽ ധാരാളം ബില്ലുകൾ വഴി ഇടപാടുകൾ നടക്കുന്നുണ്ടെങ്കിലും ബില്ലുകൾ പ്രൊജക്ട് റജിസ്റ്ററിൽ രേഖപ്പെടുത്തി മേൽ നോട്ട ചുമതലയുള്ള ജോയിന്റ്.ബി.ഡി.ഒ സാക്ഷ്യപ്പെടുത്തുന്നില്ല,കൂടാതെ സ്കീം റജിസ്റ്റിലും എല്ലാ എൻട്രികളിലും സാക്ഷ്യപ്പെടുത്തലുകൾ ഇല്ല. പദ്ധതി നിർവ്വഹണത്തിൽ പഞ്ചായത്ത് രാജ് നിയമം പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് വീഴ്ച വരുത്തുന്നുണ്ട്. ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച വനിതാ വ്യവസായകേന്ദ്രവും മാലിന്യസംസ്കരണ കേന്ദ്രവും നിഷ്ക്രിയ ആസ്തിയായി തുടരുന്നു.

ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.12.2023 -ാം തീയതി 10.30 Am ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-8 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

ബാലൻഷീറ്റ് ഷെഡ്യൂൾ ബി 7 പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ 7,037,388/- രൂപ നീക്കിയിരിപ്പുണ്ട്, വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം | ഡെപ്പോസിറ്റ് ഇനം | തുക |
|---|---|---|

| | | |
|---|---|---|
| 1 | Contractors Security Deposit | 72351 |
| 2 | Contractors Retension | 1007130 |
| 3 | Other Deposits | 91789 |
| 4 | Rent Deposit | 50000 |
| 5 | Auction Deposit | 12550 |
| 6 | Election Deposit | 125000 |
| 7 | Other Deposits- Revenue | 5653568 |
| 8 | Deposit Recieved From Staff | 25000 |
| | Total | 7037388 |

ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. ബാലൻസ് ഷീറ്റ് B-7 ൽ ഉൾപ്പെട്ട കാലാവധി പിന്നിട്ട കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

**1-9 വനിതാ ഫെസിലിറ്റേഷൻ സെന്ററിൽ അടിസ്ഥാനസൗകര്യങ്ങൾ ഇല്ല**

2021-22, 2022-23 വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി (പ്രൊജക്റ്റ് നം. 148/21-22, SO 38/22-23) താമരശ്ശേരി ഗ്രാമപഞ്ചായത്തിലെ ഉവക്കുന്ന് എസ്.സി കോളനിയിൽ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് വനിതാ ഫെസിലിറ്റേഷൻ സെന്റർ നിർമ്മിച്ച് നൽകിയിട്ടുണ്ട്. വരാന്ത, ഓഫീസ് റൂം, ഹാൾ എന്നിവയാണ് പ്രവൃത്തി പൂർത്തിയായി കെട്ടിടത്തിലുള്ളത്. നിലവിൽ താമരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ ജനകീയ ആരോഗ്യ കേന്ദ്രം (Ayushman Bharath – Health And Welness Centre) താൽക്കാലികമായി ഇവിടെ പ്രവർത്തിച്ച് വരുന്നുണ്ട്. എന്നാൽ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളൊന്നും ഇവിടെ ഒരുക്കിയിട്ടില്ല. കെട്ടിടം നാളിതുവരെ വൈദ്യുതീകരിക്കുകയോ, ജല ലഭ്യത ഉറപ്പുവരുത്തുകയോ ചെയ്തിട്ടില്ല. ഇതിനായി തുടർവർഷങ്ങളിൽ പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുമില്ല. കൂടാതെ കെട്ടിടത്തിൽ ശുചിമുറി സൗകര്യവും ഏർപ്പെടുത്തിയിട്ടില്ല. വനിതാ ശാക്തീകരണവുമായി ബന്ധപ്പെട്ട കൂടിച്ചേരലുകൾക്കും മറ്റുമായി നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിൽ ശുചിമുറി ഉൾപ്പെടുത്താതിരുന്നത് പ്രൊജക്റ്റ് ആസൂത്രണത്തിലെ അപാകതയാണ്. കെട്ടിടത്തിൽ അടിയന്തിരമായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

കെട്ടിടത്തിനോട് ചേർന്ന് പിറക് വശത്തുള്ള പ്ലോട്ട് ഏകദേശം മൂന്ന് മീറ്ററോളം ഉയരത്തിലാണ്. റീടെയിനിങ്ങ് വാൾ നിർമ്മിച്ചിട്ടില്ലാത്തതിനാൽ അവിടം ഇടിഞ്ഞ് കെട്ടിടത്തിന്റെ മുകളിലേക്കും കോമ്പൗണ്ടിലേക്കും പതിക്കുന്നതിനുള്ള സാധ്യതയുണ്ട്. ഇത് ഒഴിവാക്കുന്നതിനുള്ള നടപടികളും അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-10 ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച എം ആർ എഫ് പ്രവർത്തിക്കുന്നില്ല**

തിരുവമ്പാടി ഗ്രാമ പഞ്ചായത്തിലെ സൂപ്പർ എം ആർ എഫ് മാലിന്യ സംസ്കരണ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**വാടകയിനത്തിൽ നഷ്ടം**

തിരുവമ്പാടിയിൽ സ്ഥിതി ചെയ്യുന്ന 437.17 $M^2$ കെട്ടിടവും പ്രതിദിനം പതിനെട്ട് ടൺ കപ്പാസിറ്റിയുള്ള പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങ് മെഷീനും ഹൈഡ്രോളിക്ക് വെയിങ്ങ് മെഷീനും ഉൾപ്പെടെയുള്ള സൂപ്പർ എം ആർ എഫ് മാലിന്യ സംസ്കരണ പ്ലാന്റ് ടെണ്ടർ നടപടികളിലൂടെ 01.01.2023 മുതൽ ഗ്രീൻ വേംസ് ഇക്കോ സൊലൂഷൻ എൽ എൽ പി ,കോഴിക്കോട് എന്ന സ്ഥാപനത്തിന് ഒരു വർഷ കരാർ അടിസ്ഥാനത്തിൽ സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിനായി നൽകിയിട്ടുണ്ട്. യന്ത്രസാമഗ്രികൾ എല്ലാം കേടുപാടുപാടുകൾ വന്ന് പ്രവർത്തിക്കാത്ത അവസ്ഥയിലാണ്. യന്ത്ര സാമഗ്രികൾ പ്രവർത്തിപ്പിച്ച് ഉപയോഗിക്കും എന്ന കരാറിലാണ് ഏജൻസിക്ക് സ്ഥാപനം വിട്ടുനൽകിയിട്ടുള്ളത്. എം ആർ എഫ് കെട്ടിടം ഏറ്റെടുത്ത് ബ്ലോക്ക് പഞ്ചായത്ത് അനുമതിയോടെ സ്വന്തം നിലയിൽ പ്രവർത്തനം ആരംഭിച്ച ഏജൻസി നിലവിൽ ബ്ലോക്ക് പഞ്ചായത്തുമായി ഉണ്ടാക്കിയിട്ടുള്ള കരാർ ലംഘിച്ച അവസ്ഥയിലാണുള്ളത്. പ്രതിമാസം 15000 രൂപ വാടക നൽകുമെന്ന വ്യവസ്ഥ ലംഘിച്ചിട്ടുണ്ട്. രണ്ടുമാസത്തെ വാടകമാത്രമാണ് അടവാക്കിയിട്ടുള്ളത്. കൂടാതെ സ്ഥാപനം പ്രവർത്തിക്കുന്നുമില്ല. കരാർ ലംഘിച്ച സ്ഥാപനത്തിൽ നിന്ന് സെക്യൂരിറ്റി നിക്ഷേപമായി സ്വീകരിച്ച 75000രൂപ മുതൽക്കൂട്ടി സ്ഥാപനത്തിനെതിരെ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

**അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ ഉപകരണങ്ങൾ വാങ്ങി**

2017-18 വർഷത്തിൽ മെറ്റീരിയൽ റിക്കവറി സെന്റർ സ്ഥാപിക്കുന്നതായി ഗ്രാമ പഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്തിന് വേണ്ടി സ്ഥലം കൈമാറി. ആവർഷം തന്നെ വികസന ഫണ്ടിൽ നിന്ന് 9,82,943 രൂപ ചെലവഴിച്ച് 15 HP ഷ്രെഡ്ഡിംഗ് മെഷീനും 7.5 HP ബെയ്‌ലിംഗ് മെഷീനും വാങ്ങിയിട്ടുണ്ട് (മേൽ തുകയിൽ യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള ചെലവായി 24,600 രൂപയും സൂപ്പർവിഷൻ ചാർജ്ജായിഒരു വർഷത്തേക്ക് 41,000 രൂപയും ഉൾപ്പെടുന്നു)എന്നാൽ പ്രസ്തുത യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള കെട്ടിടത്തിന്റെ നിർമ്മാണം 15,70,000 രൂപ ചെലവഴിച്ച് 2018-19 ൽ ആണ് പൂർത്തീകരിച്ചിട്ടുള്ളത്. ഈ കെട്ടിടത്തിന്റെ വൈദ്യുതീകരണ പ്രവർത്തി പൂർത്തിയായിട്ടുള്ളത് 2019-20 വർഷത്തിൽ മാത്രമാണ്.കെട്ടിടത്തിന്റെ തറ നിർമ്മാണം മാത്രം പൂർത്തീകരിച്ച അവസ്ഥയിൽ വൈദ്യുതീകരണം നടക്കാതെ യന്ത്രങ്ങൾ വാങ്ങിയത് ബ്ലോക്ക് പഞ്ചായത്തിന്റെ

ഭാഗത്തുനിന്നുണ്ടായ ഗുരുതര വീഴ്ചയാണ്.

**മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് മാലിന്യങ്ങൾ ശേഖരിക്കുന്നതിൽ വീഴ്ച.**

ബ്ലോക്ക്പഞ്ചായത്ത് പരിധിയിലുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനാണ് തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ ഒരു മെറ്റീരിയൽ റിക്കവറി സെന്റർ സ്ഥാപിച്ചിട്ടുള്ളത് .എന്നാൽ ഈ ഗ്രാമ പഞ്ചായത്തുകളുമായി അവരുടെ പഞ്ചായത്തിൽ നിന്ന് ശേഖരിക്കുന്ന മാലിന്യങ്ങൾ തിരുവമ്പാടിയിൽ എംആർഎഫിൽ എത്തിക്കുന്നതിന് നടപടികൾ എടുക്കാത്തതിനാൽ ഈ പദ്ധതി ലക്ഷ്യം കണ്ടില്ല. ഓരോ ഗ്രാമ പഞ്ചായത്തുകളും വിവിധ അംഗീകൃത ഏജൻസികളുമായി കരാറിൽ ഏർപ്പെട്ട് വൻതുക ചെലവഴിച്ച് മാലിന്യ സംസ്കരണം നടത്തുന്നു. നിലവിൽ സ്ഥാപനത്തിന്റെ നടത്തിപ്പിനായി കരാർ എടുത്ത സ്ഥാപനവും പ്രവർത്തനം നടത്താൻ കഴിയാത്തതിന്റെ ഒരുകാരണമായി പറയുന്നത് സംസ്കരണത്തിനായി ലഭിക്കുന്ന അജൈവമാലിന്യങ്ങളുടെ ലഭ്യത കുറവാണ്.

**കരാർ ലംഘിക്കുന്ന സ്ഥാപനങ്ങൾ ക്കെതിരെ നടപടികൾ എടുക്കുന്നില്ല**

28.11.2019 മുതൽ ഒരു വർഷ കാലയളവിൽ നിറവ് വേസ്റ്റ് മാനേജ്മെന്റ് കമ്പനി വേങ്ങേരി കോഴിക്കോട് 18.10.21 മുതൽ രണ്ട് വർഷ കാലയളവിൽ ക്ലീൻ കേരള കമ്പനി എന്നീ ഏജൻസികൾക്ക് മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനത്തിനായി കരാർ നൽകിയിരുന്നെങ്കിലും തൃപ്തികരമായി പ്രവർത്തിപ്പിക്കുകയോ എം.ആർ.എഫിലെ യന്ത്ര സാമഗ്രികൾ പ്രവർത്തിപ്പിക്കുകയോ ചെയ്തിരുന്നില്ല. നിലവിലും കരാർ എടുത്തിട്ടുള്ള സ്ഥാപനം യാതൊരു പ്രവർത്തനവും നടത്തുന്നില്ല. ഈ ഏജൻസികൾക്കെതിരെ ബ്ലോക്ക് പഞ്ചായത്ത് കരാർ ലംഘനത്തിന് നടപടികളും സ്വീകരിച്ചിട്ടില്ല. കരാർ ലംഘിച്ചതിന് സെക്യൂരിറ്റി നിക്ഷേപം മുതൽക്കൂട്ടുകയോ ചെയ്യുകയോ മറ്റ് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

**ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം പ്രസ്തുത ആവശ്യത്തിനായി ഉപയോഗിക്കാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന് വൻ നഷ്ടം**

തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച ബ്ലോക്ക് തല സൂപ്പർ എം.ആർ എഫിന് ബ്ലോക്ക് പഞ്ചായത്ത് വിവിധ വർഷങ്ങളിലായി താഴെ കൊടുത്തിരിക്കും വിധം 5762349

രൂപ ഇതുവരെയായി ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ടിന്റെ പേര് | വർഷം | ചെലവഴിച്ച തുക |
|---|---|---|
| ബ്ലോക്ക് എം.ആർ.എഫ് യന്ത്ര സാമഗ്രികൾ. | 2017-18 | 982943 |
| ബ്ലോക്ക് എം.ആർ.എഫ് ഫെസിലിറ്റി സെന്റർ | 2017-18 | 1570000 |
| സൂപ്പർ എം.ആർ.എഫ്. പൂർത്തീകരണം | 2018-19 | 882279 |
| സൂപ്പർ എം.ആർ.എഫ്. തിരുവമ്പാടി -തുടർ പ്രവർത്തനം | 2018-19 | 958083 |
| ബ്ലോക്ക് എം.ആർ.എഫ്. അടിസ്ഥാന സൗകര്യ വികസനം | 2020-21 | 1334034 |
| സൂപ്പർ എം.ആർ.എഫ്. തിരുവമ്പാടി -തുടർ പ്രവർത്തനം | 2021-22 | 351010 |
| | | **5762349** |

1-8-2020 ന് സൂപ്പർ എം.ആർ.എഫ് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. കെട്ടിടം , യന്ത്രങ്ങൾ മുറ്റത്ത് ഷീറ്റിടൽ ഇന്റർലോക്ക് പതിക്കൽ ചുറ്റമതിലിന്റെ നിർമ്മാണം, 5000 ലിറ്റർ കപ്പാസിറ്റിയുള്ള 3 OH വാട്ടർ ടാങ്ക് എന്നിവയെല്ലാം സജ്ജമാക്കിയിട്ടും നിലവിൽ എം.ആർ.എഫ് പ്രവർത്തനക്ഷമമല്ല . ബ്ലോക്ക് പഞ്ചായത്ത് പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങ് യൂണിറ്റ്, ബെയിലിങ്ങ് യന്ത്രം എന്നിവ പ്രവർത്തിപ്പിക്കാതെ തുരുമ്പെടുക്കുന്ന അവസ്ഥയിലാണ്. ഇവ റിപ്പയർ ചെയ്യുന്നതിന് 7.4.22 ന് 42500 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. തുടർപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. മാലിന്യ സംസ്കരണ കേന്ദ്രം പ്രവർത്തിക്കാതെ നശിച്ചുപോകുന്ന അവസ്ഥയിലാണുള്ളത്.

**കരാർ സ്ഥാപനങ്ങൾ വൈദ്യുതി ചാർജ് അടയ്ക്കാത്തത് ബാധ്യതയാകുന്നു.**

സൂപ്പർ എം ആർ എഫിലെ 12.06.2019 മുതൽ 9.11.22 വരെയുള്ള വൈദ്യുതി ചാർജായി 159540/-രൂപയുടെ ബിൽ തുക തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് അടവാക്കിയത് തിരികെ ലഭിക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് കത്തയച്ചിട്ടുണ്ട്. സ്ഥാപന നടത്തിപ്പിന് കരാർ ഏറ്റെടുത്ത സ്ഥാപനങ്ങളിൽ നിന്ന് ഈ തുക ഈടാക്കുന്നതിനുള്ള നടപടികൾ ബ്ലോക്ക്

പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് .അപാകതകൾ പരിഹരിച്ച് എം.ആർ.എഫ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 സ്ഥാപിച്ച് രണ്ടരവർഷം കഴിഞ്ഞിട്ടും ജനറേറ്റർ പ്രവർത്തിപ്പിച്ചു തുടങ്ങിയില്ല

താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ സ്ഥാപിച്ചിട്ടുള്ള ജനറേറ്ററിന് 2022-23 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ 41/22-23 നമ്പർ പ്രൊജക്റ്റിൽ ഉൾപ്പെടുത്തി ഷെഡ്ഡ് നിർമ്മിച്ചിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 11.12.2023ന് കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിലെ ജനറൽ എക്സ്റ്റൻഷൻ ഓഫീസറുടെയും പൊതുമരാമത്ത് വിഭാഗം ഓവർസിയറുടെയും സാന്നിദ്ധ്യത്തിൽ നടത്തിയ നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത ഷെഡ്ഡിൽ സ്ഥാപിച്ചിട്ടുള്ള ജനറേറ്റർ ഇതുവരെ പ്രവർത്തിപ്പിച്ചു തുടങ്ങിയിട്ടില്ല എന്നുകണ്ടു.

താലൂക്ക് ആശുപത്രിയിൽ ഇപ്പോൾ പുതിയതായി നിർമ്മിച്ചിട്ടുള്ളതും ഇതു വരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതുമായ ഒ.പി - കാഷ്വാലിറ്റി ബ്ലോക്കിന് സമീപത്തായി 22.03.2021നാണ് 62.5 കെ.വി.എ ശേഷിയുള്ള ജനറേറ്റർ സ്ഥാപിച്ചിട്ടുള്ളത്. 2021-22 സാമ്പത്തിക വർഷം താമരശ്ശേരി താലൂക്ക് ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ 108/21-22 നമ്പർ പ്രൊജക്റ്റ് (താമരശ്ശേരി താലൂക്ക് ആശുപത്രിയിലേക്ക് 60കെ.വി ജനറേറ്റർ സ്ഥാപിക്കൽ) പ്രകാരം 6,37,000/- രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട് [സാംഖ്യ ബിൽ നം. 47/21-22 തീയതി 30.07.2021, 6,37,000/- രൂപ റോഡിതര മെയിന്റനൻസ് ഗ്രാന്റ്]. ജനറേറ്റർ സ്ഥാപിച്ച് രണ്ടരവർഷത്തിന് ശേഷവും ഉപയോഗപ്പെടുത്താത്തത് ആശുപത്രി അധികൃതരുടെ ഭാഗത്ത് നിന്നുള്ള ഗുരുതര വീഴ്ചയാണ്. ദീർഘകാലമായി ഉപയോഗിക്കാതെ കിടക്കുന്നത് മൂലം ജനറേറ്റർ നിലവിൽ പ്രവർത്തനക്ഷമമാണോ എന്നു പോലും വ്യക്തമല്ല. ജനറേറ്ററിന് ലഭിക്കുമായിരുന്ന വാറണ്ടി പോലുള്ള സേവനങ്ങൾ നഷ്ടപ്പെടുന്നതിനും സാധ്യത നിലനിൽക്കുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിവിഹിതം ചെലവഴിച്ച് സ്ഥാപിച്ചിട്ടുള്ള പ്രസ്തുത ജനറേറ്റർ ഉപയോഗപ്പെടുത്തേണ്ടതിന്റെ അടിയന്തിരപ്രാധാന്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ജനറേറ്റർ ഉപയോഗപ്രദമാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1-12 ബഡ്സ് റീഹാബിലിറ്റേഷൻ വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ പ്രവർത്തന സജ്ജമായില്ല

മടവൂർ ഗ്രാമപഞ്ചായത്തിൽ ബഡ്സ് റീഹാബിലിറ്റേഷൻ വൊക്കേഷണൽ ട്രെയിനിങ്ങ് സെന്റർ കെട്ടിടം നിർമ്മിക്കുന്നതിന് വിവിധ വാർഷിക പദ്ധതികളിലായി കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് | പ്രൊജക്റ്റ് നമ്പർ | ചെലവ് തുക |
|---|---|---|---|
| 1 | ബഡ്സ് റീഹാബിലിറ്റേഷൻ വൊക്കേഷണൽ ട്രെയിനിങ്ങ് സെന്റർ-മടവൂർ (സംയുക്തം) | 44/21-22 | 11,68,129 |
| | | SO 32/22-23 | 7,84,338 |

| | | | |
|---|---|---|---|
| | | SO 168/23-24 | 3,16,575 |
| 2 | ബഡ്സ് റീഹാബിലിറ്റേഷൻ വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ പൂർത്തീകരണം | 79/22-23 | 8,69,391 |
| 3 | ബഡ്സ് റീഹാബിലിറ്റേഷൻ വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ പൂർത്തീകരണം - രണ്ടാംഘട്ടം | 171/22-23 | 8,12,022 |
| | | SO 164/23-23 | 1,87,969 |
| ആകെ | | | 41,38,424 |

നിലവിൽ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. എന്നാൽ ക്ലാസ് റൂം, തെറാപ്പി റൂം, ഓഫീസ് റൂം, ഹാൾ, ലോബി എന്നിവയടങ്ങുന്ന പ്രസ്തുത കെട്ടിടത്തിന്റെ വൈദ്യുതീകരണം നടന്നിട്ടില്ല. കൂടാതെ കെട്ടിടത്തിലേക്ക് ജല ലഭ്യതയും ഉറപ്പുവരുത്തിയിട്ടില്ല. കെട്ടിടം സ്ഥിതി ചെയ്യുന്ന പ്ലോട്ടിലേക്ക് റോഡിൽ നിന്ന് നേരിട്ട് വഴി സൗകര്യമില്ല. തൊട്ടടുത്തായി സ്ഥിതി ചെയ്യുന്ന മടവൂർ ഗ്രാമപഞ്ചായത്ത് മൃഗാശുപത്രിയുടെ കോമ്പൗണ്ടിലൂടെ ഇവിടേക്ക് പ്രവേശിക്കാമെങ്കിലും അതുവഴി വാഹനങ്ങൾ കൊണ്ടുവരുന്നതിന് തടസ്സമുണ്ട്. കെട്ടിടത്തിന്റെ പിറക് വശം ആഴമേറിയ തോടാണ്. റീഹാബിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനം തുടങ്ങുന്നതിന് മുൻപായി കോമ്പൗണ്ടിന് ചുറ്റുമതിൽ കെട്ടിയിട്ടില്ലെങ്കിൽ സെന്ററിലെത്തുന്ന ഭിന്നശേഷിക്കാരായ കുട്ടികളുടെ സുരക്ഷയെ ബാധിക്കുന്നതാണ്.

കെട്ടിട നിർമ്മാണം ആരംഭിച്ച് രണ്ടു വർഷത്തോളമായിട്ടും നിർമ്മാണം പൂർത്തീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്. ബഡ്സ് റീഹാബിലിറ്റേഷൻ വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ അടിയന്തിരമായി പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വർഷങ്ങൾക്ക് മുൻപ് കരാറിലേർപ്പെട്ട് ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ നിലവിലും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിലെ ഭവന പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സ്കീം രജിസ്റ്റർ പരിശോധിച്ചതിൽ വർഷങ്ങളായി ഭവന നിർമാണ പദ്ധതിയിൽ ഉൾപ്പെട്ട ചില ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ച് ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ഐഡി നമ്പർ | ആകെ കൈപ്പറ്റിയതുക | അനുവദിച്ച തിയ്യതി | റിമാർക്ക്സ് |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| ശ്രീമതി.ദേവകി.കെ | KL1067341 | 160000 | 30.9.2020 | പിഎംഎവൈ ജനറൽ 2016-17<br>സ്റ്റേജ് -തറ |
| ശ്രീമതി.ഷീന.ടി.പി | KL150156842 | 376000 | 22.12.21 | ആവാസ് പ്ലസ് 2021-22 എസ് സി<br>സ്റ്റേജ് -റൂഫ് |
| ശ്രീമതി.തങ്ക | KL1116122 | 48000 | 26.3.2018 | പിഎംഎവൈ ജനറൽ 2017-18<br>സ്റ്റേജ് -തറ |
| ശ്രീമതി.ഡാലി ജോസഫ് | KL1161260 | 48000 | 10.02.2017 | പിഎംഎവൈ ജനറൽ 2016-17<br>സ്റ്റേജ് -തറ |
| ശ്രീ.മജീദ് | KL1078831 | 48000 | 18.02.2017 | പിഎംഎവൈ ജനറൽ 2016-17<br>സ്റ്റേജ് -തറ |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഭവന നിർമ്മാണ പദ്ധതികളുടെ ചെലവിനങ്ങൾ പ്രൊജക്ട് രജിസ്റ്ററിൽ എഴുതുന്നില്ല. സ്കീം റജിസ്റ്ററിൽ ഗുണഭോക്താക്കൾ കൈപ്പറ്റുന്ന തുകകൾ മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല.

അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1-14 കരാർ പ്രവൃത്തിയിൽ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് ഫൈൻ ഈടാക്കിയില്ല

2022-23 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ ഓരോ പ്രവൃത്തിക്കും (കോൺട്രാക്ട് തുകയുടെ 0.5%, മിനിമം 2,00,000/-മാക്സിമം 5,00,000/-) ഇൻഷ്വറൻസ് കവറേജ് എടുത്ത് പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം കരാറുകാരൻ സമർപ്പിക്കേണ്ടതാണെന്ന് ലെറ്റർ ഓഫ് അക്സെപ്റ്റൻസിലും ബിഡ് ഡോക്യുമെന്റിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇൻഷ്വറൻസ് എടുത്ത് ആയതിന്റെ രേഖകൾ ഹാജരാക്കാത്തവരിൽ നിന്നും കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യുന്നതാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിലെ മരാമത്ത് പ്രവർത്തികളുടെ രേഖകൾ പരിശോധിച്ചതിൽ നിന്നും കരാറുകാർ ഇപ്രകാരം നിശ്ചിത തുകയ്ക്കുള്ള ഇൻഷൂറൻസ് എടുത്ത് ആയതിന്റെ രേഖകൾ പഞ്ചായത്തിൽ ഹാജരാക്കിയതായി കാണുന്നില്ല. ഇൻഷൂറൻസ് രേഖകൾ സമർപ്പിക്കാത്ത സാഹചര്യത്തിലും ബിൽത്തുക നൽകിയപ്പോൾ പിഴ ഈടാക്കിയില്ല.ഓഡിറ്റ് വർഷം ഇത്തരത്തിൽ ഇൻഷൂറൻസ് സമർപ്പിക്കാത്ത കരാറുകാരനിൽ നിന്നും പിഴ തുക ഈടാക്കി വിവരം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

തൊഴിലാളികൾക്കുണ്ടാകുന്ന അപകടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായാണ് ഈ വ്യവസ്ഥ കരാറിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ആയതിനാൽ കരാറുകാർക്കാവശ്യമായ നിർദ്ദേശം നല്കി മതിയായ തുകയ്ക്കുള്ള ഇൻഷ്വറൻസ് എടുപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 കാലാവസ്ഥാ വ്യതിയാന പഠനം -പദ്ധതി നടപ്പിലാക്കിയില്ല ,ചെലവ് തുക പാഴായി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പദ്ധതി - 114/23

ചെലവ് തുക -64119 (വികസന ഫണ്ട്)

(55619/357/18.3.23,8500/434/28.3.23)

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന വിദ്യാർഥികൾക്കായി സ്കൂൾ തലത്തിൽ കാലാവസ്ഥാ വ്യതിയാന ക്ലബുകൾ രൂപീകരിച്ച് ചുമതല നൽകിയ അധ്യാപകരുടെയും വിദ്യാർഥികളുടെയും മേൽ നോട്ടത്തിൽ കാലാവസ്ഥാ അടിസ്ഥാന വിവരങ്ങൾ ഫീൽഡിൽ നിന്ന് ശേഖരിച്ച് പ്രകൃതി വിഭവ ഡാറ്റാ ശേഖരണവും സംഭരണവും നടത്തുക കൃത്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പുതിയ തൊഴിൽ മേഖല, കാലാവസ്ഥാ വ്യതിയാന പ്രതിരോധം തുടങ്ങി വിശാലമായ കാഴ്ചപ്പാടോടെ ഇന്നവേറ്റീവ് പദ്ധതിയായി നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിച്ചത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1 .പദ്ധതി നടപ്പിലാക്കിയിട്ടില്ല.

പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 64119 രൂപയ്ക്ക് ഉപകരണങ്ങൾ വാങ്ങിയതല്ലാതെ മറ്റൊരു പ്രവർത്തികളും നടത്തിയിട്ടില്ല.ഇതിന്റെ ഭാഗമായി വിദ്യാർഥികൾക്കും അധ്യാപകർക്കും പരിശീലനം നൽകേണ്ടതുണ്ട്. ഇതിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടില്ല. 14.10.22 ന് 1976/22 നമ്പർ കത്ത് പ്രകാരം എല്ലാ ഗ്രാമ പഞ്ചായത്തിലേക്കും ഗവേഷണ തൽപരരായ വിദ്യാർഥികളുടെയും അധ്യാപകരുടെയും പേരുവിവരങ്ങൾ ലഭ്യമാക്കുന്നതിന് സെക്രട്ടറി കത്തയച്ചിട്ടുണ്ട്. കട്ടിപ്പാറ ഗ്രാമ പഞ്ചായത്തിലെ ഹോളി ഫാമിലി സ്കൂളിലെ കുട്ടികളുടെ ലിസ്റ്റ് മാത്രമാണ് ലഭ്യമായിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി പരിശീലനം നൽകുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. 64119 രൂപയ്ക്ക്

വാങ്ങിയിട്ടുള്ള ഉപകരണങ്ങൾ പുതുപ്പാടി ഹൈസ്കൂളിലെ ഹെഡ്മാസ്റ്റർ കൈപ്പറ്റിയതായുള്ള സ്റ്റോക്ക് റജിസ്റ്റർ ലഭ്യമാക്കിയിട്ടുണ്ട്. ഹെഡ്മാസ്റ്ററുമായി ഫോണിൽ ബന്ധപ്പെട്ടതിൽ പദ്ധതി നടത്തിപ്പിൽ യാതൊരു തുടർ നടപടികളും ഉണ്ടായിട്ടില്ലെന്ന് വ്യക്തമായി. കൂടാതെ ഉപകരണങ്ങൾ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുകയാണെന്നും അറിയിച്ചു.

2.പദ്ധതിയ്ക്കായി ഉപകരണങ്ങൾ വാങ്ങിയതിലെ അപാകതകൾ .

പദ്ധതിയിൽ വാങ്ങിയ ഉപകരണങ്ങൾ

| ക്രമ നമ്പർ | വാങ്ങിയ ഉപകരണം | വില |
|---|---|---|
| 1 | മെർക്കുറി ഫിൽഡ് തെർമോ മീറ്റർ | 690 |
| 2 | സീൽ മാക്സിമം മിനിമം തെർമോ മീറ്റർ | 2065 |
| 3 | സീൽ വെറ്റ് ഡ്രൈ ബൾബ് തെർമോ മീറ്റർ | 1593 |
| 4 | റെയിൻ ഗേജ് | 8024 |
| 5 | ലിനക്സ് കപ്പ് കൗണ്ടർ അനിമോ മീറ്റർ | 10502 |
| 6 | വിന്റ് വെയിൻ | 8732 |
| 7 | ഗ്ലാസ്സ് മെഷറിങ്ങ് സിലിണ്ടർ | 1475 |
| 8 | ആൻഡ്രോയ്ഡ് ബാരിഗോ ബാരോമീറ്റർ | 13924 |
| 9 | ഹൈഗ്രോ മീറ്റർ | 8614 |
| 10 | സ്റ്റീവൻസൺ സ്ക്രീനിങ്ങ് | 8500 |

പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു സ്കൂളിലേക്ക് ആവശ്യമുള്ള സാധനങ്ങൾ ആണ് ക്വട്ടേഷൻ നടപടികളിലൂടെ വാങ്ങിയത്. രണ്ട് ലക്ഷം രൂപ വകയിരുത്തി തയ്യാറാക്കിയിട്ടുള്ള പദ്ധതി പ്രോക്യയർമെന്റ് നിയമങ്ങൾ ലംഘിച്ച് ഇ ടെണ്ടർ നടപടി ഒഴിവാക്കി ക്വട്ടേഷൻ നടപടികളിലൂടെയാണ് 9 ഇനം ഉപകരണങ്ങൾ സമാഹരിച്ചിട്ടുള്ളത്. പദ്ധതിയ്ക്കായി വാങ്ങേണ്ട ഉപകരണങ്ങൾ ഏതെല്ലാമെന്ന് തീരുമാനിച്ചത് എങ്ങനെയെന്ന് വ്യക്തമല്ല. 10.2.23 ന് നള്ള പഞ്ചായത്ത് നോട്ടീസ് ബോർഡിൽ മാത്രം പ്രദർശിപ്പിച്ച ക്വട്ടേഷനിൽ ചെന്നൈയിലുള്ള എഡ്യൂക്കേഷണൽ സയന്റിഫിക്ക് കോ., എറണാകുളത്തെ ഇന്നോവേറ്റീവ് കെയർ സിസ്റ്റം ,എറണാകുളത്തെ ലോറൻസ് & മേയോ ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ പങ്കെടുത്തതെങ്ങനെയെന്ന് വ്യക്തമല്ല. ക്വട്ടേഷൻ നോട്ടീസിൽ 7 ഉപകരണങ്ങൾക്ക് റേറ്റ് ക്വോട്ട് ചെയ്യാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ക്രമ നമ്പർ 8,9 എന്നിവ ക്വട്ടേഷൻ നോട്ടീസിൽ ലിസ്റ്റ് ചെയ്തിരുന്നില്ല. ആയതിനാൽ ഈ സാധനങ്ങൾ സ്ഥാപനങ്ങൾ നിരക്ക് ക്വോട്ട് ചെയ്ത് സപ്ലൈ ചെയ്തത് അംഗീകരിക്കുന്നില്ല. ക്രമ നമ്പർ 10 പ്രകാരമുള്ള സ്റ്റീവൺസൺ സ്ക്രീനിങ്ങ് ക്വട്ടേഷൻ നടപടികൾ ഇല്ലാതെ നേരിട്ട് അജ് വാനി കാർവിങ്ങ് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയതും

അംഗീകരിക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.പദ്ധതി നിർവ്വഹണം പൂർത്തിയാക്കി രേഖകൾ സഹിതം വിവരം അറിയിക്കുന്നത് വരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

**1-16 പട്ടികജാതി വിദ്യാർഥികൾക്ക് പഠന മുറി -പദ്ധതി നടത്തിപ്പിലെ അപാകതകൾ**

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

പദ്ധതി - 112/23

ചെലവ് തുക - 1775000(വികസന ഫണ്ട്,എസ് സി പി)

ബ്ലോക്ക് പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 10 വിദ്യാർഥികൾക്ക് പഠന മുറി നിർമ്മിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 28.5.22 ലെ സ.ഉ(കൈ)115/2022/LSGD നമ്പർ ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.13 പ്രകാരം പട്ടിക ജാതി വിദ്യാർഥികൾക്ക് വീടിനോടനുബന്ധിച്ച് സൌകര്യമുണ്ടെങ്കിൽ പഠനമുറി നിർമ്മിക്കാവുന്നതാണ്. 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത നിലവിലുള്ള വീടിനോട്ടു ചേർന്ന് പരമാവധി 120 ചതുരശ്ര അടി വിസ്തീർണമുള്ള പഠനമുറി നിർമ്മിക്കാവുന്നതാണ്. ഇവിടെ പദ്ധതി പ്രകാരം 200000രൂപ വിതം ആനുകൂല്യം ലഭിച്ച താഴെ ഗുണഭോക്താക്കളുടെ നിർമ്മിച്ച വീടിന്റെ അംഗീകൃത പ്ലാൻ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1.അപർണ ജയന്ത്, ഓമശ്ശേരി ഗ്രാമ പഞ്ചായത്ത്.

2.അനുപ്രിയ വീജയൻ , പുതുപ്പാടി ഗ്രാമ പഞ്ചായത്ത്.

3. രുദ്ര പി രതീഷ്, പുതുപ്പാടി ഗ്രാമ പഞ്ചായത്ത്.

4.അനീഷ്യാ ബിജുകുമാർ ,കോടഞ്ചേരി ഗ്രാമ പഞ്ചായത്ത്.

5. ശ്രേയ സുര്ന്ദ്രൻ പുതുപ്പാടി ഗ്രാമ പഞ്ചായത്ത്.

6.പൂർണിമ ചന്ദ്രൻ , കൂടരഞ്ഞി ഗ്രാമ പഞ്ചായത്ത്.

7. ചൈത്ര രാജു, തിരുവമ്പാടി ഗ്രാമ പഞ്ചായത്ത്.

കൂടാതെ പദ്ധതി നിർവ്വഹണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട പ്രൊജക്ട് റജിസ്റ്റർ എഴുതിയിട്ടില്ല.

നിലവിലുള്ള വീടിന്റെയോ/നിർമ്മിക്കാനുദ്ദേശിക്കുന്ന മുറിയുടെയോ അളവുകൾ സർക്കാർ നിർദ്ദേനുസൃതമാണെന്ന് എപ്രകാരമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കിയതെന്ന് വ്യക്തമല്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.അപാകത പരിഹരിച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ 14,00,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

**1-17 പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് പഠന മുറി -പദ്ധതി നടത്തിപ്പിലെ അപാകതകൾ**

നിർവ്വഹണ ഉദ്യോഗസ്ഥൻ - ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ

പദ്ധതി - 119/23

ചെലവ് തുക - 625000(വികസന ഫണ്ട്, ടി എസ് പി)

ബ്ലോക്ക് പഞ്ചായത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട താഴെ പറയുന്ന5 വിദ്യാർഥികൾക്ക് പഠന മുറി നിർമ്മിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

1.നിമ യമുന, ഗ്രാമ പഞ്ചായത്ത്.

2.ശ്രുവ്യ സുരേന്ദ്രൻ ഗ്രാമ പഞ്ചായത്ത്.

3. സാന്ദ്ര സുരേഷ്, പുതുപ്പാടി ഗ്രാമ പഞ്ചായത്ത്.

4.മാളവിക ബാബു ,കട്ടിപ്പാറ ഗ്രാമ പഞ്ചായത്ത്.

5. ആദിത്യ സജീവ് ഗ്രാമ പഞ്ചായത്ത്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1) 28.5.22 ലെ സ.ഉ(കൈ)115/2022/LSGD നമ്പർ ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.13 പ്രകാരം പട്ടിക ജാതി വിദ്യാർഥികൾക്ക് വീടിനോടനുബന്ധിച്ച് സൌകര്യമുണ്ടെങ്കിൽ പഠനമുറി നിർമ്മിക്കാവുന്നതാണ്. 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത നിലവിലുള്ള വീടിനോട്ടു ചേർന്ന് പരമാവധി 120 ചതുരശ്ര അടി വിസ്തീർണമുള്ള പഠനമുറി നിർമ്മിക്കാവുന്നതാണ്. ഇവിടെ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ നിർമ്മിച്ച വീടിന്റെ അംഗീകൃത പ്ലാൻ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നിലവിലുള്ള വീടിന്റെയോ/നിർമ്മിക്കാനുദ്ദേശിക്കുന്ന മുറിയുടെയോ അളവുകൾ സർക്കാർ നിർദ്ദേശനുസൃതമാണെന്ന് എപ്രകാരമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കിയതെന്ന് വ്യക്തമല്ല.

2) ക്രമ നമ്പർ 4 പ്രകാരമുള്ള പുതുപ്പാടി ഗ്രാമ പഞ്ചായത്തിലെ സാന്ദ്ര സുരേഷ്, എന്ന ഗുണഭോക്താവ് 125000രൂപ കൈപ്പറ്റി പഠന മുറിയുടെ നിർമ്മാണം പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റിയിട്ടില്ലാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം വിവരം ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 1-18 വൻതുക ചെലവഴിച്ച് നിർമ്മിച്ച വനിതാവ്യവസായ എസ്റ്റേറ്റ് കെട്ടിടം നിഷ്ക്രിയാസ്തിയായി തുടരുന്നു

താമരശ്ശേരി താലൂക്കിലെ രാരോത്ത്, കെടവൂർ വില്ലേജുകളിലായി സ്ഥിതി ചെയ്യുന്ന ഒരേക്കർ വിസ്തൃതിയുള്ള വനിതാവ്യവസായ എസ്റ്റേറ്റിൽ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് 2013-14 മുതൽ 2017-18 വരെയുള്ള വിവിധ വാർഷിക പദ്ധതികളിൽ തുക വകയിരുത്തി 99,98,077/- ചെലവഴിച്ച് പതിനൊന്ന് മുറികളും രണ്ട് ശുചിമുറികളും അടങ്ങുന്ന കെട്ടിടവും, രണ്ട് പ്രത്യേക ശുചിമുറികളും, ഒരു കുഴൽക്കിണറും, ഭാഗികമായി ചുറ്റുമതിലും നിർമ്മിച്ചിട്ടുണ്ട്. ആയതിന്റെ തുടർച്ചയായി 2022-23 വാർഷിക പദ്ധതിയിൽ 39/22-23 നമ്പർ പ്രൊജക്റ്റിൽ (താമരശ്ശേരി വനിതാ വ്യവസായ എസ്റ്റേറ്റിന് ചുറ്റുമതിലും ജലവിതരണവും) ഉൾപ്പെടുത്തി ശേഷിക്കുന്ന കുറച്ച് ഭാഗത്ത് കൂടി മതിൽ നിർമ്മിച്ചിട്ടുണ്ട്. ആയതിനായി 16.12.2022ലെ 197/22-23 നമ്പർ സാംഖ്യാ ബിൽ പ്രകാരം 2,87,426/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത്തരത്തിൽ നാളിതുവരെ ഒരു കോടിയിലധികം രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നിട്ടുള്ള വനിതാ വ്യവസായ എസ്റ്റേറ്റ് നിലവിൽ നിഷ്ക്രിയാസ്തിയായി കിടക്കുകയാണ്. വനിതാ വ്യവസായ എസ്റ്റേറ്റ് അടിയന്തിരമായി പ്രവർത്തന സജ്ജമാക്കേണ്ടതിന്റെ ആവശ്യകത കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡക 1-24ൽ വിശദമായി പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ വ്യവസായ എസ്റ്റേറ്റ് പ്രവർത്തന സജ്ജമായിട്ടില്ല.

ഓഡിറ്റിന്റെ ഭാഗമായി 11.12.2023ന് കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിലെ ജനറൽ എക്സ്റ്റൻഷൻ ഓഫീസറുടെയും പൊതുമരാമത്ത് വിഭാഗം ഓവർസിയറുടെയും സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ വ്യവസായ എസ്റ്റേറ്റ് പരിസരം കാട് പിടിച്ച് കിടക്കുന്നതായാണ് കണ്ടത്. കെട്ടിടത്തിന്റെ വരാന്തയിലും, ടെറസ്സിനുമുകളിലും, ശുചിമുറികളിലും, പരിസരമാകെയും ഒഴിഞ്ഞ

മദ്യക്കുപ്പികളും ലഹരിവസ്തുക്കളുടെ കവറുകളും നിറഞ്ഞ് കിടക്കുന്നുണ്ട്. കെട്ടിടം ഇതുവരെ വൈദ്യുതീകരിച്ചിട്ടില്ല. വ്യവസായ എസ്റ്റേറ്റ് പരിസരത്ത് കുഴൽക്കിണർ നിർമ്മിച്ചിട്ടുള്ളതാണെങ്കിലും മോട്ടോർ സ്ഥാപിക്കുകയോ കെട്ടിടത്തിലേക്ക് ജലലഭ്യത ഉറപ്പുവരുത്തുകയോ ചെയ്തിട്ടില്ല. ചുറ്റുമതിൽ നിർമ്മാണം പൂർത്തിയാവാത്തതിനാൽ സ്വകാര്യവ്യക്തികൾ കോമ്പൗണ്ടിനുള്ളിൽ അതിക്രമിച്ച് കയറി വാഹനങ്ങൾ നിർത്തിയിടുന്നതിനുള്ള താൽക്കാലിക ഷെഡ്ഡുകൾ നിർമ്മിച്ചിട്ടുണ്ട്.

വൈദ്യുതി-ജല ലഭ്യത ഉറപ്പുവരുത്തി കെട്ടിടം വാടകയ്ക്ക് നൽകാത്തതിനാൽ വനിതാ വ്യവസായ സംരംഭകർക്ക് ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള അവസരം നിഷേധിക്കപ്പെടുകയും ബ്ലോക്ക് പഞ്ചായത്തിന് വർഷങ്ങളായി ലഭിക്കേണ്ടിയിരുന്ന തനത് വരുമാനം നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ വ്യവസായ എസ്റ്റേറ്റ് നിലവിലെ അവസ്ഥയിൽ സംരക്ഷണമില്ലാതെ ശോചനീയമായി തുടരുന്നത് അനധികൃത കയ്യേറ്റങ്ങൾക്ക് ഇടവരുത്തുന്നതുമാണ്.

ഭാഗികമായുള്ള ചുറ്റുമതിൽ നിർമ്മാണം വ്യവസായ എസ്റ്റേറ്റിന്റെ സംരക്ഷണം ഉറപ്പുവരുത്താത്ത സാഹചര്യത്തിൽ ആയതിനായി 2022-23 സാമ്പത്തിക വർഷം ചെലവഴിച്ച 2,87,426/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. വ്യവസായ എസ്റ്റേറ്റ് പൂർണ്ണമായി ചുറ്റുമതിൽ നിർമ്മിച്ച് സംരക്ഷിക്കേണ്ടതും, കെട്ടിടത്തിൽ വൈദ്യുതി - ജല ലഭ്യത ഉറപ്പുവരുത്തേണ്ടതും, കെട്ടിടം വാടകയ്ക്ക് നൽകി വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-19 സി.ഡി.എം.സി ഹോണറേറിയം - അർഹതയുള്ളതിനേക്കാൾ അധികം തുക നൽകി

| | |
|---|---|
| പ്രൊജക്റ്റ് | 29/22-23,<br>സി.ഡി.എം.സി ജീവനക്കാർക്ക് ഹോണറേറിയം നൽകൽ (സംയുക്തം) |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ , കോടഞ്ചേരി സാമൂഹിക ആരോഗ്യകേന്ദ്രം |
| അടങ്കൽ | 3,40,000/- (വികസന ഫണ്ട് - പൊതുവിഭാഗം) |
| ചെലവ് | 2,10,963/- |

കോടഞ്ചേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി ബേസ്ഡ് ഡിസബിലിറ്റി മാനേജ്മെന്റ് സെന്ററിലെ (സി.ഡി.എം.സി) ജീവനക്കാർക്ക് 2022-23 സാമ്പത്തിക വർഷത്തെ ഹോണറേറിയം നൽകുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കിയതാണ് മേൽ പ്രൊജക്റ്റ്. സി.ഡി.എം.സിയിൽ നിയമിതരായിട്ടുള്ള റീഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നിവർക്കാണ് കോടഞ്ചേരി ഗ്രാമപഞ്ചായത്തുമായി ചേർന്ന് നടപ്പാക്കിയിട്ടുള്ള സംയുക്ത പ്രൊജക്റ്റ് പ്രകാരം ഹോണറേറിയം നൽകിയിട്ടുള്ളത്. 2022 മെയ് മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിലെ ഹോണറേറിയവും 2023 മാർച്ച് മാസത്തിലെ ഹോണറേറിയവും മേൽ പ്രൊജക്റ്റിൽ നിന്നും, ശേഷക്കുന്ന മാസങ്ങളിലേത് കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ പ്രൊജക്റ്റിൽ (16/22-23) നിന്നുമാണ് നൽകിയിട്ടുള്ളത്.

നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോഗ്രാം മാനേജരുടെ 15.06.2021ലെ DPMSU-KKD/1471/2019 നമ്പർ കത്തിൽ വിവരിച്ചത് പ്രകാരം ജീവനക്കാർക്ക് താഴെ പറയും പ്രകാരമാണ് പ്രതിമാസ ഹോണറേറിയം നൽകി വരുന്നത്.

| ക്രമ നം. | തസ്തിക | തുക |
|---|---|---|

| | | |
|---|---|---|
| 1 | റീഹാബിലിറ്റേഷൻ സൈക്കാളജിസ്റ്റ് | 30,000/- |
| 2 | സ്പീച്ച് തെറാപ്പിസ്റ്റ് | 26400/- |
| 3 | സ്പെഷ്യൽ എഡ്യുക്കേറ്റർ | 17,250/- |

എന്നാൽ സ്പെഷ്യൽ എഡ്യുക്കേറ്റർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി റഫീന.ഒ എന്നവർക്ക് 2023 മാർച്ച് മാസത്തെ ഹോണറേറിയമായി 29,032/- രൂപ നൽകിയിട്ടുണ്ട് (സാംഖ്യ ബിൽ നം. 441/22-23, തീയതി 29.03.2023). അർഹതയുള്ളതിനേക്കാൾ അധികം തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 04/2021-22 തീയതി 12.12.2022) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ശ്രീമതി റഫീന.ഒ, സ്പെഷ്യൽ എഡ്യുക്കേറ്റർക്ക് 2023 മാസം അധികമായി നൽകിയ 11,782/- രൂപ ( 29,032 – 17,250) ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും അധികം നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-20 ജീവതാളം - ലക്ഷ്യപ്രാപ്തി സംബന്ധിച്ച് വിവരങ്ങളില്ല**

| | |
|---|---|
| പ്രൊജക്റ്റ് | 104/22-23, ജീവതാളം |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ , താമരശ്ശേരി താലൂക്ക് ആശുപത്രി |
| അടങ്കൽ | 3,00,000/- (വികസന ഫണ്ട് - പൊതുവിഭാഗം) |
| ചെലവ് | 1,54,660/-<br>[ സാംഖ്യ ബിൽ നം. 328/22-23 തീയതി 09.03.2023 – 79,532/-<br>സാംഖ്യ ബിൽ നം. 379/22-23 തീയതി 22.03.2023 – 75,128/- ] |

ജീവിത ശൈലി രോഗങ്ങളെ ജനപങ്കാളിത്തത്തോടെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള സംയുക്ത പദ്ധതിക്ക് വേണ്ടി ജില്ലാ പഞ്ചായത്തിലേക്ക് ബ്ലോക്ക് വിഹിതം കൈമാറുന്നതിനായാണ് മേൽ പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുള്ളത്. എന്നാൽ ഫണ്ട് കൈമാറുന്നതിന് പകരം വ്യക്തിഗത ആരോഗ്യ കാർഡ്, ട്രെയിനിങ്ങ് മൊഡ്യൂൾ എന്നിവ അച്ചടിക്കുന്നതിനും അച്ചടിച്ച ആരോഗ്യ കാർഡുകൾ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിലെ വിവിധ പ്രാഥമിക/കുടുംബ ആരോഗ്യകേന്ദ്രങ്ങളിൽ എത്തിക്കുന്നതിനുമാണ് തുക ചെലവഴിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | ചെലവഴിച്ച തുക |
|---|---|---|
| 1 | വ്യക്തിഗത ആരോഗ്യ കാർഡ് അച്ചടി (45000 എണ്ണം)<br>[റീജ്യണൽ ഓഫ്സെറ്റ് പ്രിന്റേഴ്സ്, താമരശ്ശേരി] | 79,532/- |
| 2 | ആരോഗ്യ കാർഡ് വിതരണം ( 500 എണ്ണം വീതം താമരശ്ശേരി താലൂക്ക് ആശുപത്രി, കോടഞ്ചേരി/കൂടരഞ്ഞി/പുതുപ്പാടി/മടവൂർ/ തിരുവമ്പാടി കുടുംബാരോഗ്യ കേന്ദ്രം,<br>കിഴക്കോത്ത്/കട്ടിപ്പാറ/ഓമശ്ശേരി<br>പ്രാഥമികാരോഗ്യ കേന്ദ്രം<br>എന്നിവിടിങ്ങളിൽ എത്തിക്കുന്നതിനുള്ള വണ്ടിക്കൂലി)<br>[ശ്രീ വി.നാരായണൻ, കെ.എൽ 11ഡി 2278] | 2,440/- |
| 3 | ട്രെയിനിങ്ങ് മൊഡ്യൂൾ അച്ചടി (800 എണ്ണം)<br>[റീജ്യണൽ ഓഫ്സെറ്റ് പ്രിന്റേഴ്സ്, താമരശ്ശേരി] | 72,688/- |
| | ആകെ | 1,54,660/- |

ആരോഗ്യകേന്ദ്രങ്ങളിലെത്തിച്ച വ്യക്തിഗത ആരോഗ്യ കാർഡുകൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള തുടർനടപടികളെ സംബന്ധിച്ച വിവരങ്ങളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 48 പേജുകളുള്ള മൾട്ടികളർ ട്രെയിനിങ്ങ് മൊഡ്യൂളുകളാണ് അച്ചടിച്ചിട്ടുള്ളത്. മൊഡ്യൂളിന്റെ മാതൃക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇവ എന്ത് ആവശ്യത്തിനായാണ് അച്ചടിച്ചത് എന്നും ആർക്കാണ് വിതരണം ചെയ്തിട്ടുള്ളത് എന്നും വ്യക്തമല്ല.

ജനപങ്കാളിത്തത്തോടെ ജീവിത ശൈലി രോഗങ്ങളെ നിയന്ത്രിക്കുന്നതിനായാണ് പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് പ്രൊജക്റ്റ് രേഖയിൽ പറയുന്നുണ്ടെങ്കിലും ആയതിനായി സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച വിവരങ്ങളോ പ്രൊജക്റ്റിന്റെ ലക്ഷ്യപ്രാപ്തി സംബന്ധിച്ച വിവരങ്ങളോ പരിശോധനയക്ക് ലഭ്യമാക്കിയിട്ടില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 01/2021-22 തീയതി 12.12.2022) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 1,54,660/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും പ്രൊജക്റ്റിന്റെ ലക്ഷ്യപ്രാപ്തി സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

**1-21 സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് - ടെണ്ടർ വിളിക്കാതെ വാർഷിക പരിപാലന ചുമതല കൈമാറി**

| | |
|---|---|
| പ്രൊജക്റ്റ് | 121/22-23, താലൂക്ക് ആശുപത്രി താമരശ്ശേരി- സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് മെയിന്റനൻസ് എ.എം.സി മുതലായവ |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ , താമരശ്ശേരി താലൂക്ക് ആശുപത്രി |
| അടങ്കൽ | 6,50,000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 5,78,804/-<br>[ സാംഖ്യ ബിൽ നം. 49/22-23 തീയതി 29.08.2022 – 1,87,085/-<br>സാംഖ്യ ബിൽ നം. 84/22-23 തീയതി 27.09.2022 – 37,417/-<br>സാംഖ്യ ബിൽ നം. 105/22-23 തീയതി 18.10.2022 – 37,417/-<br>സാംഖ്യ ബിൽ നം. 150/22-23 തീയതി 28.11.2022 – 37,417/-<br>സാംഖ്യ ബിൽ നം. 169/22-23 തീയതി 09.12.2022 – 37,417/-<br>സാംഖ്യ ബിൽ നം. 194/22-23 തീയതി 15.122022 – 1,29,800/-<br>സാംഖ്യ ബിൽ നം. 237/22-23 തീയതി 21.01.2023 – 37,417/-<br>സാംഖ്യ ബിൽ നം. 284/22-23 തീയതി 16.02.2023 – 37,417/-<br>സാംഖ്യ ബിൽ നം. 330/22-23 തീയതി 09.03.2023 – 37,417/-] |

താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ സ്ഥാപിച്ചിട്ടുള്ള സീവേജ് ട്രീറ്റ്മെന്റ് (മലിനജല ശുദ്ധീകരണ) പ്ലാന്റിന്റെ 01.03.2022 മുതൽ 28.02.2023 വരെയുള്ള കാലയളവിലെ പരിപാലന

ചുമതലയുമായി ബന്ധപ്പെട്ട ചെലവിന് വേണ്ടി ആവിഷ്കരിച്ചതാണ് മേൽ പ്രൊജക്റ്റ്. എറണാംകുളം ജില്ലയിലെ ആലുവയിലുള്ള "ഫ്ലോമാക്സ് വാട്ടർ" എന്ന സ്ഥാപനത്തിനാണ് പ്രൊജക്റ്റ് പ്രകാരം വാർഷിക പരിപാലന ചുമതല കൈമാറിയിട്ടുള്ളത്. പ്രൊജക്റ്റ് നടപ്പാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. 6,50,000/- രൂപയാണ് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ വാർഷിക പരിപാലന കരാറിനായി ആവിഷ്കരിച്ച പ്രൊജക്റ്റിന് വകയിരുത്തിയിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള 08.11.2010ലെ ജി.ഒ (പി) 259/2010/ത.സ്വ.ഭ.വ നമ്പർ മാർഗ്ഗരേഖ പ്രകാരം ഒരു ലക്ഷം രൂപയിൽ കൂടുതൽ മതിപ്പ് വിലയുള്ള സാധനങ്ങളും സേവനങ്ങളും ഓപ്പൺ ടെണ്ടർ മുഖേനയാണ് സമാഹരിക്കേണ്ടതെന്നിരിക്കെ യാതൊരു വിധ ടെണ്ടറുകളും ക്ഷണിക്കാതെ 2021-22 സാമ്പത്തിക വർഷത്തെ സേവനദാതാക്കളായ "ഫ്ലോമാക്സ് വാട്ടർ" എന്ന സ്ഥാപനത്തിന് തന്നെ അവർ സമർപ്പിച്ച ഓഫർ ലെറ്ററിന്റെ അടിസ്ഥാനത്തിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പരിപാലന ചുമതല തുടർന്നും നൽകുകയായിരുന്നു. ഇത് മൂലം കുറഞ്ഞ നിരക്കിൽ സേവനം ലഭ്യമാവുന്നതിനുള്ള സാധ്യത പരിശോധിക്കപ്പെടാതെ പോവുകയാണുണ്ടായിട്ടുള്ളത്.
2. ആശുപത്രിയിലെ മലിനജല പ്ലാന്റിന്റെ പരിപാലന പ്രവൃത്തികൾ നിലവിൽ ചെയ്തുകൊണ്ടിരിക്കുന്ന ഫ്ലോമാക്സ് എന്ന കമ്പനിയുടെ സേവനങ്ങൾ തൃപ്തികരമായതിനാൽ തുടർന്ന് ഒരു വർഷത്തേക്ക് കൂടി അവർക്ക് തന്നെ കരാർ പുതുക്കി നൽകാൻ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുക്കുന്നത് 17.08.2022നാണ് (തീരുമാനം നമ്പർ 33.7/2022-23). എന്നാൽ പ്രസ്തുത തീരുമാനത്തിന് മുൻപ് 01.03.2022ന് നിർവ്വഹണോദ്യോഗസ്ഥൻ സ്ഥാപനവുമായി വാർഷിക പരിപാലന കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാറിലേർപ്പെടുന്നതിന് മുൻപ് ഭരണസമിതിയുടെ അംഗീകാരം വാങ്ങിക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല.
3. "ഫ്ലോമാക്സ് വാട്ടർ" സമർപ്പിച്ച 25.02.2022ലെ FM/FLX/015/202 നമ്പർ ഓഫർ ലെറ്ററിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത സ്ഥാപനവുമായി വാർഷിക പരിപാലന കരാറിൽ ഏർപ്പെടുന്നതെന്ന് കരാർപത്രത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഓഫർ ലെറ്ററിൽ സൂചിപ്പിച്ചതിൽ നിന്ന് വ്യത്യസ്ഥമായ നിരക്കുകളാണ് ചില സേവനങ്ങൾക്കായി സ്ഥാപനം ഈടാക്കിയിട്ടുള്ളത്. ഓഫർ ലെറ്ററിൽ പറഞ്ഞതിനേക്കാൾ കൂടുതൽ തുക ഈടാക്കിയ ഇനങ്ങളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഓഫർ ലെറ്ററിലെ നിരക്ക് | യഥാർത്ഥത്തിൽ ഈടാക്കിയ നിരക്ക് |
|---|---|---|---|
| 1 | Replacement Of Filler Media For Pressure Sand Filter Including Supply Of Quartz Sand, Quartz Silex And Pebbles | 28,500/- | 34,000/- |
| 2 | Replacement Of Filler Media For Pressure Sand Filter Including Supply Of Quartz Sand, Quartz Silex And Pebbles | 52,500/- | 55,000/- |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.

03/2021-22 തീയതി 12.12.2022) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ടെണ്ടർ വിളിക്കാതെയും ഭരണസമിതിയുടെ മുൻകൂർ അനുമതി വാങ്ങിക്കാതെയും സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ വാർഷിക പരിപാലന ചുമതല കൈമാറിയ മെഡിക്കൽ ഓഫീസറുടെ പേരിൽ ചെലവു തുക 5,78,804/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-22 AEE ഓഫീസിലേക്ക് ടാബ് ലെറ്റ് വാങ്ങൽ -സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 172/23 |
| പ്രോജക്ട് | AEE ഓഫീസിലേക്ക് ആവശ്യമായ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | ₹200000(മെ.ഫണ്ട്.റോഡിതരം) |
| ചെലവ് | ₹62525 ബിൽ നമ്പർ / തീയ്യതി 299/23.02.2023 ,<br>₹60256ബിൽ നമ്പർ / തീയ്യതി 298/23.02.2023,<br>₹45999 ബിൽ നമ്പർ / തീയ്യതി 310/03.03.2023 |
| ആകെ ചെലവ് | ₹168780 |

E-M ബുക്ക് പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി പ്രൊജക്റ്റ് നം 172/2023 എന്ന പദ്ധതി പ്രകാരം AEE ഓഫീസിലേക്ക് വാങ്ങിയ ടാബ്ലെറ്റിന്റെ( ₹45999 ബിൽ നമ്പർ / തീയ്യതി 310/03.03.2023) വാങ്ങൽ രേഖകൾ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട് .

1) സ്റ്റോർ പർച്ചേയ്സ് മാന്വൽ ഖ.7.52 (ജി.ഒ.(പി )നം 10/2019/എസ് .പി.ഡി, തീയതി 22-08-2019) പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും,പൊതുമേഖലാ സ്ഥാപനങ്ങളും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേന്ദ്രസർക്കാറിന്റെ കീഴിലുള്ള ഓൺലൈൻ പോർട്ടലായ GeMൽ നിന്നും വാങ്ങേണ്ടതാണെന്ന നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഇവിടെ GeMൽ നിന്നുമല്ല ടാബ്ലറ്റ് വാങ്ങിയത്.

2) E-M ബുക്ക് പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി CE, LSGD പുറപ്പെടുവിച്ച DB3/6512(C) /2013/CE/LSGD Dated 09/02/2023 നമ്പർ സർക്കുലറിൽ ടാബ്ലറ്റിന് വേണ്ട മിനിമം സ്പെസിഫിക്കേഷൻ വ്യക്തമായി വിശദീകരിക്കുന്നുണ്ട്. എന്നാൽ ക്വട്ടേഷൻ വിജ്ഞാപനത്തിൽ ഈ വിവരങ്ങളൊന്നും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ക്വട്ടേഷൻ നോട്ടീസ് പ്രകാരം ടാബ്ലെറ്റിന്റെ സ്പെസിഫിക്കേഷൻ ആയി നൽകിയിരിക്കുന്നത് 8GB RAM And More എന്നാണ്. എന്നാൽ പർച്ചേസ് നടത്തിയിരിക്കുന്ന ടാബ്ലറ്റിന്റെ സ്പെസിഫിക്കേഷൻ ഇതിൽ നിന്നും വ്യത്യസ്തമാണ്(4 GB)

3) പ്രസ്തുത ടാബ്ലെറ്റിന്റെയും അനുബന്ധ ഉപകരണങ്ങളുടെയും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

സർക്കാർ മാനദണ്ഡങ്ങൾ മറികടന്ന് നടത്തിയ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല . ആയതിനാൽ ₹45999 രൂപ ഔഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 ഗുണഭോക്ത ലിസ്റ്റ് ഹാജരാക്കിയിട്ടില്ല

പ്രോജക്ട് : കാർഷിക യന്ത്രവൽക്കരണം

പ്രോജക്ട് നമ്പർ : 181/23

അടങ്കൽ : 3,50,000/-

ചെലവ് : 3,14,900/- ( ബില്ല് നമ്പർ. 350/ 17/03/2023)

നിർവ്വഹണം : കൃഷി അസിസ്റ്റന്റ് ഡയറക്ടർ

കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് 2022-23 വർഷം കട്ടിപ്പാറ പഞ്ചായത്തിലെ ചമൽ പാടശ്ശേഖര സമിതിക്ക് നെല്ല് നടീൽ യന്ത്രം ( Kuboto Make 6 Raw Rice Transplanter) നൽകിയിട്ടുണ്ട്. കട്ടിപ്പാറ പഞ്ചായത്തിലെ ചമൽ പാടശ്ശേഖര സമിതിയെ ഗുണഭോക്താവായി തെരഞ്ഞെടുത്തതിന്റെ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്ത ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതക്ക് വിശദീകരണം നൽകേണ്ടതും ഗുണഭോക്ത ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

**1-24 പ്രൊക്യൂർമെന്റ് കമ്മിറ്റിവഴിയല്ലാതെ ഉപകരണങ്ങൾ വാങ്ങി**

**സി.ഡി.പി.ഒ. അഡീഷണൽ ഓഫീസ് കമ്പ്യൂട്ടറൈസേഷൻ**

പ്രോജക്ട് നമ്പർ : 141/23

അടങ്കൽ : 2,20,000/-

ചെലവ് : 2,08,912/-

ബില്ല് നമ്പർ : 1) 341/ 13/03/2023 Rs 30,000/-

2) 342/ 13/03/2023 Rs 24,497/-

3) 343/ 13/03/2023 Rs 85,400/-

4) 344/ 13/03/2023 Rs 23,415/-

5) 346/ 15/03/2023 Rs 45,600/-

നിർവ്വഹണം : ശിശുവികസന പദ്ധതി ഓഫീസർ

കൊടുവള്ളി സി.ഡി.പി.ഒ. അഡീഷണൽ ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ പദ്ധതിയുടെ ഭാഗമായി ജെം വഴി പർച്ചേസ് ചെയ്തിട്ടുണ്ട്, പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ മേൽ വാങ്ങലുകൾ സംബന്ധിച്ച് യോഗം ചേർന്നിട്ടില്ല, പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനം കൂടാതെ ഉപകരണങ്ങൾ വാങ്ങിയതിന് വിശദീകരണം നൽകേണ്ടതാണ്.

**1-25 പൊതുമരാമത്ത് പ്രവൃത്തികളിലെ മോണിറ്ററിംഗ്-പതിനാലാം പഞ്ചവത്സരപദ്ധതി മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല**

ഗ്രാമ,ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച സർക്കാരിന്റെ 19-04-2022തീയതിയിലെ സ.ഉ (കൈ) നം.84/2022/തസ്വഭവ ഉത്തരവിലെ ഖണ്ഡിക നമ്പർ 14(4) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിലുള്ള പ്രാദേശിക മോണിറ്ററിംഗ് സംവിധാനത്തിന് പുറമെ പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധത്തിലുള്ള മോണിറ്ററിംഗ് സംവിധാനം കൂടി നടപ്പിലാക്കണമെന്നും തുടക്കമെന്ന നിലയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ആകെ പ്രോജക്ടുകളുടെ ഒരു ശതമാനമെങ്കിലും റാൻഡം രീതിയിൽ തെരഞ്ഞെടുത്ത് പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന തരത്തിലുള്ള ഗുണനിലവാരപരിശോധനക്ക് വിധേയമാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ തൻവർഷം ആകെ 87 പ്രോജക്ടുകളാണ് രൂപീകരിച്ചിട്ടുണ്ടായിരുന്നത്.എന്നാൽ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതു പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ ഇത്തരത്തിൽ എല്ലാ പൊതുമരാമത്ത് പ്രോജക്ടുകളും ഗുണനിലവാരപരിശോധനക്കും മോണിറ്ററിംഗിനും വിധേയമാക്കിയിട്ടില്ല.

ആസൂത്രണമാർഗരേഖയിലെ ഖണ്ഡിക നമ്പർ 14(7) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ

സംക്ഷിപ്തവിവരം അടങ്ങിയ ഒരു ബോർഡ് അതാത് പണി സ്ഥലത്ത് പ്രകടമായി കാണുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിക്കേണ്ടതും ആ ബോർഡിൽ 1997-ലെ കേരളപഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 17(3)- ൽ പ്രതിപാദിച്ചിരിക്കുന്ന വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണ്.പ്രവൃത്തി പൂർത്തീകരിച്ച ശേഷം പ്രവൃത്തിയുടെ പേര്,വർഷം,ചെലവഴിച്ച തുക,ഫണ്ടിന്റെ ഇനം,തദ്ദേശഭരണസ്ഥാപനത്തിന്റെ പേര് എന്നിവ ഡിസ്പ്ലേ ബോർഡിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ആയതിന് വേണ്ട തുക എസ്റ്റിമേറ്റിലുൾപ്പെടുത്താവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രോജക്റ്റ് നിർവഹണത്തിൽ മേൽ പരാമർശിച്ച നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല.

ആസൂത്രണമാർഗരേഖയിലെ ഖണ്ഡിക നമ്പർ 12.2(3) പ്രകാരം സർക്കാരിന്റെ 25-11-2019തീയതിയിലെ സ.ഉ (അച്ചടി) 161/2019 ഉത്തരവ് പ്രകാരമുള്ള ഡിഫക്റ്റ് ലയബിലിറ്റി പിരീഡ് ഗ്രാമ,ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന റോഡ്,പാലം,കെട്ടിടം അടക്കമുള്ള നിർമ്മാണ പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ നിർബന്ധമാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരാർ വ്യവസ്ഥകളിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന തരത്തിലുള്ള ഗുണനിലവാര പരിശോധനക്ക് പൊതുമരാമത്ത് പ്രവൃത്തികൾ വിധേയമാക്കേണ്ടതും മേൽ പരാമർശിച്ച മറ്റ് അപാകങ്ങൾ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-26 വാഹന പരിപാലന ചട്ടങ്ങൾ പാലിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനങ്ങളായ KL 57 D 9999 ,KL 57 A 3836, KL 57 4842എന്നിവയുടെ അനുബന്ധ രേഖകൾ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

ഇന്ധന ക്ഷമത ടെസ്റ്റ് എല്ലാ വർഷവും കൃത്യ സമയത്ത് നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിക്കേണ്ടതുമാണ്. എന്നാൽ ബ്ലോക്കിന്റെ ഉടമസ്ഥതയിലുള്ള മൂന്ന വാഹനങ്ങളുടെയും ഇന്ധനക്ഷമത പരിശോധന രേഖകൾ ലഭ്യമല്ല.

GO(MS)No.170/2007, Fin. LSGD Dated 30.06.2007 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈയിലുള്ള എല്ലാ വാഹനങ്ങൾക്കും ലോഗ് ബുക്ക് ,റിപ്പയർ രജിസ്റ്റർ ,ഫ്യുവൽ രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്. 2022 -23 വർഷത്തിൽ വാഹന അറ്റകുറ്റപണികൾക്കായി ധാരാളം പണം ചെലവഴിച്ചെങ്കിലും ടി ചെലവുകൾ ഒന്നും തന്നെ റിപ്പയർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിനായി പുറപ്പെടുവിച്ച സർക്കുലർ നം 41/ 008/ ധന തീയതി 02/08 / 2008 പ്രകാരം വാഹന പരിശോധനയിൽ നിലവിലുള്ള ഏതെങ്കിലും വാഹന പരിപാലന ചട്ടങ്ങൾ പാലിക്കുന്നില്ലെന്ന് ബോധ്യപ്പെട്ടാൽ വാഹനത്തിന്റെ നിയന്ത്രണാധികാരിയിൽ നിന്നും ആ വർഷം ഏറ്റവും കൂടുതൽ ഇന്ധന ഉപഭോഗം നടന്ന മാസത്തിലെ ഇന്ധനത്തിന്റെ വിലയുടെ 50% പിഴയായി ഈടാക്കാവുന്നതും അച്ചടക്ക നടപടികൾ സ്വീകരിക്കാവുന്നതുമാണ്.
അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതുമാണ്.

## 1-27 ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സി.സി.ടി.വി സ്ഥാപിക്കൽ -പദ്ധതി പൂർത്തീകരണ വിവരം ലഭ്യമല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പദ്ധതി - 161/23

ചെലവ് തുക - 452300(വികസന ഫണ്ട്,)

ബിൽ നമ്പർ - 418/27.3.23

ബ്ലോക്ക് പഞ്ചായത്തിൽ സി.സി.ടി.വി സ്ഥാപിക്കുന്നതിന് ഈ പദ്ധതിയിൽ 452300 രൂപ എസ്റ്റിമേറ്റ്

പ്രകാരം ഡെപ്പോസിറ്റ് പ്രവർത്തിയ്ക്കായി പി.ഡബ്ല്യൂഡി.ഇലക്ട്രോണിക്ക് ഡിവിഷന് നൽകിയിട്ടുണ്ട്. കരാറിൽ ഏർപ്പെടാതെയാണ് തുക നൽകിയിട്ടുള്ളത്. പ്രവർത്തി നടപ്പിലാക്കിയതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട്, ബില്ല്,യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.രേഖകൾ ഹാജരാക്കേണ്ടതാണ്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

### 1-28 സംയുക്ത പ്രൊജക്റ്റുകൾ നടപ്പിലാക്കുന്നതിലെ അപാകതകൾ

സംയുക്ത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. .

1) പി.എം.എ.വൈ ഗുണഭോക്താവായ ശ്രീമതി.അന്നമ്മ പൌലോസ് തെയ്യപ്പാറ യ്ക്ക് ഭവന നിർമ്മാണത്തിനായി ഗ്രാമ പഞ്ചായത്ത് വിഹിതമായി ലഭിച്ച 70000രൂപ സമയബന്ധിതമായി ഗുണഭോക്താവിന് ലഭ്യമാക്കാതിരുന്നതിനാൽ 31.3.2022ന് ശേഷം ടിയാരിയ്ക്ക് നൽകാൻ സാധിച്ചിരുന്നില്ല. ഈ തുക തിരികെ ഈടാക്കി ഗുണഭോക്താവിന് നൽകിയതിന്റെ വിശദാംങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2) വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരം സംയുക്ത പ്രോജക്റ്റുകൾക്കായി മുൻവർഷങ്ങളിൽ ലഭ്യമായതും നാളിതുവരെ ചെലവഴിക്കാതെ അവശേഷിക്കുന്നതുമായ ജില്ലപഞ്ചായത്ത് വിഹിതമിനത്തിൽ 1863759/- രൂപയും, ഗ്രാമപഞ്ചായത്തിന്റെ വിഹിതമിനത്തിൽ 1965519/- രൂപയും, ബാധ്യതയായി കാണിച്ചിട്ടുണ്ട്. ഇത്തരത്തിൽ ലഭിച്ച 3829278 രൂപ ജില്ലാപഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിൽ ക്യാപിറ്റൽ, റവന്യൂ ചെലവകളുകൾക്കായി ലഭ്യമായിട്ടും ചെലവഴിക്കാതെ അവശേഷിച്ച തുകയാണ്. എന്നാൽ സംയുക്തപദ്ധതികൾക്കായുള്ള അക്കൌണ്ടിൽ 1000000 രൂപ മാത്രമാണ് നീക്കിയിരിപ്പുള്ളത്.

3)സംയുക്ത ഫണ്ടിൽ നിന്ന് റിഡംപ്ഷൻ മുഖേന സർക്കാർ ഈടാക്കിയ തുക ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ സംയുക്ത പദ്ധതികൾക്കായി ആരംഭിച്ച സ്പെഷ്യൽ ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ (799013000000103) നിന്ന് ട്രഷറിയുടെ 31.03.2022 ൽ പിൻ വലിച്ച 12,80,000/- രൂപ റിസംപ്ഷൻ തുകയായി സർക്കാർ ഈടായിട്ടുണ്ട്. പ്രസ്തുത തുക സർക്കാരിൽ നിന്ന് തിരികെ ലഭ്യമാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 ഓഡിറ്റ് കാലയളവ് | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻ ബാക്കി | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| മറ്റ് ഗ്രാമ പഞ്ചായത്ത് | | 2022-23 | 1,960,000 | പി.എം.എ.വൈ. (ജനറൽ) | 1,960,000 | |
| | | | 367,500 | പി.എം.എ.വൈ. (എസ്.ടി) | 367,500 | |
| | | | 1,360,000 | പി.എം.എ.വൈ. (എസ്.സി) | 1,360,000 | |
| | | | 500,000 | ബഡ്സ് റീഹാബിലിറ്റേഷൻ വൊക്കേഷണൽ ട്രെയിനിംങ് | 500,000 | |
| ആകെ | | | 4,187,500 | | 4,187,500 | |
| ജില്ലാ പഞ്ചായത്ത് | | 2022-23 | 3,735,842 | പി.എം.എ.വൈ. (ജനറൽ) | 3,735,842 | |
| | | | 220,500 | പി.എം.എ.വൈ. (എസ്.ടി) | 220,500 | |
| | | | 2,687,000 | പി.എം.എ.വൈ. (എസ്.സി) | 2,687,000 | |
| ആകെ | | | 6,643,342 | | 6,643,342 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|
| MGNREGS സ്റ്റേറ്റ് മിഷൻ | കണ്ടിയിൽ അംഗനവാടി കെട്ടിട നിർമ്മാണം | 700,000 | - | യൂ.സി. ലഭിച്ചിട്ടില്ല. |
| GP | രശ്മി അംഗനവാടി ഓമശ്ശേരി ഗ്രാമ പഞ്ചായത്ത് (സംയുക്തം) | 700,000 | - | യൂ.സി. ലഭിച്ചിട്ടില്ല. |

| | | | | |
|---|---|---|---|---|
| PWD Electrical Thrissur | ബ്ലോക്ക് പഞ്ചായത്തിൽ സി.സി.ടി.വി. സ്ഥാപിക്കൽ | 500,000 | | യു.സി ലഭിച്ചിട്ടില്ല. ബന്ധപ്പെട്ട പദ്ധതിഫയലിൽ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. (ഖ.1-29 കാണുക) |

**4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല.

**4-5 വായ്പ/വായ്പ തിരിച്ചടവ്**

ഇല്ല.

**4-6 സ്ഥിര നിക്ഷേപം**

ഇല്ല.

**4-7 ഓഡിറ്റ് റിക്കവറി**

ഇല്ല.

**4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം**

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 1999 | 3(44) | പ്രോജക്ടിന്റെ പേരിൽ അനധികൃത ചെലവുകൾ നടത്തി | പഠനയാത്രയുടെ വിശദാംശങ്ങളും നിർവഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും ലഭ്യമാക്കണം |
| | | 1999 -00 | 4/58(എ) | നടുക്കുന്ന് ശുദ്ധജല വിതരണം | ശ്രീ.കെ.കെ. അച്യുതനിൽ നിന്നും ആർ. ആർ നടപടികളിലൂടെ തുക ഈടാക്കണം |
| | | 1999 -00 | 4/58(ഡി) | ഇൻഡസ്ട്രിയൽ ലൈസൻസ് & മോണിറ്ററിംഗ് സെന്റർ | പരാമർശം തുടരുന്നു |
| 2003-04 | 3-21 | 2005-06 | 2.67(2) | എസ്.ജി.ആർ.വൈ റോഡ്- അധിക ഭക്ഷ്യധാന്യം | സമിതിയുടെ ശുപാർശ പ്രകാരം (LFA (16-19) 25th Report ഖ. 8) സർക്കാർ ഉത്തരവ് ഹാജരാക്കുവാൻ സ്ഥാപന ത്തിന് കത്ത് നൽകി |

| | | | | | |
|---|---|---|---|---|---|
| 2003-04 | 3-30 | 2005-06 | 2.67(5) | ചുമതലയിൽ പ്പെടാത്ത പദ്ധതിക്ക് ആനുകൂല്യം | സമിതിയുടെ ശുപാർശ പ്രകാരം (LFA (16-19) 25th Report ഖ. 13) പെർഫോർമൻസ് ഓഡിറ്റിനെ കൊണ്ട് അന്വേഷിപ്പിച്ച റിപ്പോർട്ട് സമർപ്പിക്കണം ഉത്തരവ് ഹാജരാ ക്കുവാൻ സ്ഥാപനത്തിന് കത്ത് നൽകി |
| 2003-04 | 3-07 | 2005-06 | 70(3)(4) | പരിശീലനം പൂർത്തിയാക്കി യതിന് രേഖയില്ല. മോണിറ്ററിങ്ങ് റിപ്പോർട്ടില്ല. | (LFA (16-19) 25th റിപ്പോർട്ട് ഖ. 27) പ്രകാരം സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കണം. |
| 2003-04 | 3-08 | 2005-06 | 70(3)(4) | പരിശീലനം – അപാകത | (LFA (16-19) 25th റിപ്പോർട്ട് ഖ. 27) പ്രകാരം പെർഫോമൻസ് ഓഡിറ്റിനെ കൊണ്ട് അന്വേഷിപ്പി ച്ചതിന്റെ റിപ്പോർട്ട് വേണം. |
| 2004-05 | 3-1 | 2006-07 | 3.79.14.2 | വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കൽ | (LFA (16-19) 25th റിപ്പോർട്ട് ഖ. 44) പ്രകാരം നൽകിയ തുക തിരികെ ഈടാക്കണം |
| 2004-05 | 3-6 | 2006-07 | 3.81.1 | ശുദ്ധജലവിതരണം- പൂർത്തിയാക്കിയില്ല | (LFA (16-19) 25th റിപ്പോർട്ട് ഖ. 87, 89, 90, 92, 90, 92 പ്രകാരം തുടർ നടപടി അറിയിക്കണം. |
| 2015-16 | 3-14 | 2016-17 | 4.6.8.i 68 | ഹാഡാ പദ്ധതി | പരാമർശം തുടരുന്നു |
| 2015-16 | 3-1 | 2016-17 | 5.1.5. 86 | റോഡ് പ്രവൃത്തി അധികം ചെലവ് ചെയ്തു | പരാമർശം തുടരുന്നു |
| 2015-16 | 3-30 | 2016-17 | 7 (ബി) 97 | സൗരോർജ്ജ പദ്ധതി അനർട്ടിൽ തുക നിക്ഷേപിച്ചു | പരാമർശം തുടരുന്നു |
| 2017-18 | 3-1 | 2018-19 | | കെട്ടിടം പൂർണമാകാതെ MRF യൂണിറ്റിന് യന്ത്രം വാങ്ങി | പരാമർശം തുടരുന്നു |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 115,129,574 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 123,037,250 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗികരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3620090 |

(ബി) ബ്ലോക്ക്പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 64119 | ശ്രീ ബിജിൻ പി ജേക്കബ് ,<br>സെക്രട്ടറി |
| 1-16 | 1400000 | ശ്രീ. ശൈലേഷ് ഐ. പി.<br>എസ്.സി ഡെവലപ്മെന്റ് ഓഫീസർ |
| 1-17 | 625000 | ശ്രീ ഷമീർ എ.<br>ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| 1-18 | 287426 | ശ്രീ അനിഇ ദേവ് ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-19 | 11782 | ഡോ. കെ.കെ. അബ്ദുറഹ്മാൻ<br>മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) |
| 1-20 | 154660 | ഡോ കേശവനുണ്ണി ,<br>മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ |
| 1-21 | 578804 | ഡോ. കേശവനുണ്ണി<br>മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ |
| 1-22 | 45999 | ശ്രീമതി. ചിത്ര വാസു.<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-27 | 452300 | ശ്രീ ബിജിൻ പി ജേക്കബ് ,<br>സെക്രട്ടറി |
| ആകെ | 3620090 | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബിജിൻ.പി ജേക്കബ് , സെക്രട്ടറി | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, കൊടുവള്ളി. | പൊന്നാമ്പൽ, ടോബിൻ വില്ല, പാറോപ്പടി, മേരിക്കുന്ന്, 673012 |
| ശ്രീ. ശൈലേഷ് ഐ. പി. എസ്.സി ഡെവലപ്പ്മെന്റ് ഓഫീസർ | എസ്.സി ഡെവലപ്പ്മെന്റ് ഓഫീസർ, കൊടുവള്ളി | ഇരീപ്രമലയിൽ, വെള്ളലശ്ശേരി, കോഴിക്കോട് |
| ശ്രീ ഷമീർ എ. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, കോടഞ്ചേരി | അരീക്കര, കിനാലൂർ (പി.ഒ), കോഴിക്കോട് |
| ശ്രീ അനിഇ ദേവ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, കൊടുവള്ളി | മമ്മിളി പുറായിൽ, പന്തീരാങ്കാവ്, കോഴിക്കോട് |
| ഡോ. കെ.കെ. അബ്ദുറഹ്മാൻ മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഗ്രേസ് വില്ല, എലോക്കര, പുതുപ്പാടി, കോഴിക്കോട് |
| ഡോ കേശവനുണ്ണി , മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ | മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ, താമരശ്ശേരി | പ്രണവം, ഓർക്കിഡ് ഹിൽ, താമരശ്ശേരി, ചുങ്കം, 673573 |
| ശ്രീമതി. ചിത്ര വാസു. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | എൽസിയം, വരട്ട്യാക്കിൽ, കുന്ദമംഗലം, കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | പരാമർശങ്ങൾ |
|---|---|---|---|
| 1995-96 To 1997-98 | എൽ.എഫ്.കെ.കെ.ഡി. പി.8/ 494/2022 തിയതി. 25.05.2022 | 3 | 27, 34, 41, Car -41 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി.7/ 2263/16 തിയതി. 19.05.17 | 3 | 27, 29, 30 |

| | | | |
|---|---|---|---|
| 1999-00 | എൽ.എഫ്.കെ.കെ.ഡി.പി.7/ 2264/16 തിയതി. 19.05.17 | 5 | 33, 42(3), 43, 44, 45 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി.7/ 1440/12(2) തിയതി. 14.12.12 | 13 | 20, 21, 22, 23, 24, 25, 26, 27, 29, 32, 35, 36, 37 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി.7/ 1440/12(3) തിയതി.14.12.12 | 13 | 4, 5, 6, 7, 9, 10, 12,17, 18, 19, 24, 25, 26 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി.3/ 1910/11 തിയതി.29.12.11 | 7 | 5, 7(7), 8, 10, 11, 12, 13 (A, B) |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി.7/ 1915/11(1) തിയതി.19.06.13 | 26 | 3-1, 3-2, 3-5, 3-6, 3-7, 3-8, 3-11, 3-12, 3-13, 3-14, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-25, 3-26, 3-27, 3-28, 3-30, 3-32, 3-33, 3-35, Car -3-6, 3-7, 3-8, 3-11, 3-18, 3-25, 3-21, 3-30, 3-35 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി.7/ 1911/11(1) തിയതി.10.06.13 | 11 | 3-1, 3-4, 3-5, 3-6, 3-8, 3-9, 3-10, 3-13, 3-14, 3-19, 3-20 Car 3-1, 3-4, 3-6, 3-13, 3-14 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി/പി.8/ 675/22(1) തിയതി.25.05.22 | 9 | 3-1, 3-3, 3-7, 3-9, 3-10, 3-11, 3-13, 3-14, 3-15 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി/പി.8/ 675/22(2) തിയതി.25.05.22 | 9 | 3-1, 3-6, 3-8, 3-13, 3-14, 3-15, 3-23, 3-24, 3-25 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി.7/ 1814/09 തിയതി.16.02.12 | 8 | 1, 2, 3-1, 3-2, 3-3, 3-4, 3-6,3-7,4-7 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി.7/ 489/13 തിയതി.01.06.13 | 10 | 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-9, 3-10 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി./പി.7/ 674/22 തിയതി.25.05.22 | 6 | 3-5, 3-7, 3-8, 3-9, 3-10, 3-11, |
| 2010-11, 2011-12 | എൽ.എഫ്.കെ.കെ.ഡി.പി.7/ 1192/14 തിയതി.11.03.2015 | 8 | 2-1, 3-1, 3-3(1, 2), 3-5, 3-7, 3-9, 3-10, 3-11 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി/പി.7/ 675/22 തിയതി.25.05.22 | 7 | 3-1, 3-2, 3-3, 3-6, 3-7, 3-8, 4-1 |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി.8/ 492/22 തിയതി.25.05.22 | 9 | 3-2, 3-5, 3-6, 3-7, 3-9, 3-15, 3-16. 3-17, 3-18 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി.8/ 1396/21 തിയതി.04.02.2022 | 18 | 2-5, 3-5, 3-9, 3-12, 3-13, 3-14, 3-15, 3-17, 3-18, 3-19, 3-20, 3-21, 3-23, 3-24, 3-25, 3-26, 3-30, 3-31 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി.8/ 1396/2021(1) തിയതി. 09.03.22 | 6 | 2-4, 3-3, 3-4, 3-7, 3-10, 3-11 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി./പി.8/ | 9 | 3-1, 3-2, 3-3, 3-10, 3-11, 3-12, |

| | | | |
|---|---|---|---|
| | 675/2022(3) തിയതി. 25.05.22 | | 3-14, 3-15, 3-16 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി.8/ 491/22 തിയതി.07.04.2022 | 13 | 1-7, 1-8, 1-9, 1-10, 1-11, 1-12, 1-13 , 1-18, 1-21, 1-25, 3-1, 3-2, 4-12 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി.8/ 425/22 തിയതി.12.06.2023 | 14 | 1-1, 1-2-1, 1-4, 1-5, 1-7, 1-8, 1-9, 1-10, 1-11, 1-12, 3-1, 3-2, 4-5, 4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി/പി.8 /81/2023 തിയതി. 09.05.2023 | 18 | 1-2-1(7,8,9,10), 1-8, 1-9, 1-10, 1-12, 1-13, 1-17, 1-19, 1-20, 1-24, 1-25, 1-26, 3-1, 3-2 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി/പി.8 /2457/2022 തിയതി. 21.02.2023 | 30 | 1-1, 1-2, 1-3, 1-4, 1-5, 1-6, 1-7, 1-8, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 3-1, 4-1, 4-2, 4-8, 4-9, 4-10, 4-11 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 27.1/2023-24 dated 13-07-2023 and submitted on 21-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Koduvally Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Koduvally Block Panchayat for the year 2022-2023

**Date: 23/12/2023**

**Joint Director**
**District Office Kozhikode**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Koduvally Block Panchayat for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

1. The following mandatory financial
statements prescribed in accounting rules are not
submitted for audit.

a.Ratios.
b.Notes to accounts.

2. Net increase/decrease in cash flow does not match

with the difference between the opening balance and closing
balance of the cash and cash equivalents.

3. The following registers are not maintained

a. Advance Register

b. Deposit Register

c. Rent Register

4. Physical verification certificate of closing stock has not been recorded.

5. Asset Register are not updated.

6. Expenditure of CFC in AFS (I-6 and RP-7) not included in ACR

7. Monthly Bank Reconiliation statement not prepared.

8. Expenditure maintanance grant non-road shown in IKM Statement not tally with AFS.

## അനുബന്ധം–2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്